# കേരള ബാങ്ക് : പേ യൂണിഫിക്കേഷൻ/പേ റിവിഷൻ കമ്മിറ്റി റിപ്പോർട്ട്

ഒക്ടോബർ
2019

# കേരള ബാങ്ക് : പേ യൂണിഫിക്കേഷൻ/പേ റിവിഷൻ കമ്മിറ്റി

**ചെയർമാൻ**

**എം. എൻ. ഗുണവർദ്ധനൻ ഐ.എ.എസ്.** (Rtd.)

(മുൻ ഗവ.സെക്രട്ടറി)

**അംഗങ്ങൾ**

**സാംകുട്ടി മാത്യൂസ്**

(Rtd. G.M. SBI)

**Prof. (Dr.) കെ. ശശികുമാർ**

(Rtd. Prof. & Director,
School of Business Management &
Legal Studies,
University of Kerala)

**റ്റി. രാധാകൃഷ്ണൻ**

(Rtd. Sr. Finance Officer, Higher Grade,
Govt of Kerala)

**കൺവീനർ**

അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്) സഹകരണ വകുപ്പ്

# മുഖവുര

സമ്പത്ത് വ്യവസ്ഥയുടെ ഒരു പ്രധാന സൂചകമാണ് ഗ്രാമീണ സമ്പദ് വ്യവസ്ഥയുടെ മൊത്തമായുള്ള വളർച്ച. സഹകരണ വായ്പാ സ്ഥാപനങ്ങൾ നിരവധി സേവനങ്ങൾക്കായി ബാങ്കിംഗ് സംവിധാനത്തെ ആശ്രയിക്കുന്നതിനാൽ വാണിജ്യ ബാങ്കിംഗ് മേഖലയുമായി സഹകരണ മേഖലയ്ക്കുള്ള ബന്ധം ശക്തവും സജീവവും ആയിരിക്കേണ്ടതാണ്. ഇംപീരിയൽ ബാങ്കും മറ്റ് പ്രധാന അനുബന്ധ ബാങ്കുകളെയും നിയമപരമായി ലയിപ്പിച്ചാണ് എസ്.ബി.ഐ. രൂപീകരിച്ചത്. ലയന പ്രക്രിയ ഇപ്പോഴും തുടരുകയാണ്. ആയതിന് പ്രധാന ഉദാഹരണമാണ് കേരളത്തിൽ നിലനിന്നിരുന്ന സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുമായി ലയിപ്പിച്ചത്.

കേരളത്തിലെ സമീപകാല ബാങ്കിംഗ് മേഖലയിൽ ഉണ്ടായിട്ടുള്ള ചലനങ്ങളുടെ അടിസ്ഥാനത്തിലാണ് കേരള ബാങ്ക് എന്ന ആശയം ശക്തമായത്. ജില്ലാ സഹകരണ ബാങ്കുകളെ കേരള സംസ്ഥാന സഹകരണ ബാങ്കുമായി ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നത് കാലഘട്ടം ആവശ്യപ്പെടുന്നതും, കേരള സമ്പദ് വ്യവസ്ഥയുടെ ബാങ്കിംഗ് ആവശ്യങ്ങൾ നിറവേറ്റുന്നതിന് വളരെ പര്യാപ്തവുമാണ്. ആർ.ബി.ഐ. നിയോഗിച്ച ക്രെഡിറ്റ് റിവ്യൂ കമ്മറ്റി ശുപാർശ ചെയ്ത സഹകരണ വായ്പാ രംഗത്തെ ത്രിതല സംവിധാനം വർത്തമാന കാലത്തിന്റെ ആവശ്യകത കണക്കിലെടുത്ത് പുനഃപരിശോധിക്കേണ്ടതുണ്ട്. കേരള ബാങ്ക് സമയബന്ധിതമായി നടപ്പിലാക്കാൻ കേരള സർക്കാർ ത്വരിതഗതിയിലുള്ള നടപടികളാണ് സ്വീകരിച്ചത്. വരുംവർഷങ്ങളിൽ സംസ്ഥാനത്തെ എല്ലാ വിഭാഗം ജനങ്ങളുടെയും ബാങ്കിംഗ് ആവശ്യങ്ങൾക്കുമുള്ള ബാങ്കായി കേരള ബാങ്ക് മാറുമെന്ന് കണക്കാക്കപ്പെടുന്നു.

ജില്ലാ സഹകരണ ബാങ്കുകളെ കേരള സംസ്ഥാന സഹകരണ ബാങ്കുമായി ലയിപ്പിക്കുമ്പോൾ ഇരുബാങ്കുകളുടെയും ജീവനക്കാരുടെ സേവന –വേതന പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതുണ്ട്. കേരള ബാങ്കിന്റെ രൂപീകരണം സംബന്ധിച്ച ജീവനക്കാരുടെ തസ്തികകളുടെ സംയോജനം/ശമ്പള ഏകീകരണം, ജില്ലാ സഹകരണ ബാങ്കുകളിലെയും സംസ്ഥാന സഹകരണ ബാങ്കിലെയും ജീവനക്കാരുടെ 01.04.2017 മുതലുള്ള ശമ്പള പരിഷ്കരണം എന്നിവയെപ്പറ്റി പഠനം നടത്തി ശുപാർശകൾ സമർപ്പിക്കുന്നതിനായി ശ്രീ.എം.എൻ ഗുണവർദ്ധനൻ ഐ.എ.എസ് (Rtd) മുൻ ഗവ.സെക്രട്ടറി ചെയർമാനായി ശമ്പള പരിഷ്കരണ/ശമ്പള ഏകീകരണ സമിതി രൂപീകരിച്ചു. പ്രസ്തുത സമിതിയിൽ ശ്രീ. സാംകുട്ടി മാത്യൂസ് ( Rtd. G.M. SBI), Dr.കെ. ശശികുമാർ ( Rtd. Prof. & Director, School of Business Management & Legal Studies,

University of Kerala) ശ്രീ. റ്റി. രാധാകൃഷ്ണൻ (Rtd. Sr. Finance Officer, Higher Grade, Govt of Kerala) എന്നിവരെ അംഗങ്ങളായും അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്) നെ കൺവീനറായും നിയമിച്ചു.

സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ അന്തഃസ്സത്ത ഉൾക്കൊണ്ട് കമ്മീഷൻ ഈ ഉത്തരവാദിത്വം ഏറ്റെടുക്കുകയും ജില്ലാ സഹകരണ ബാങ്കിന്റെയും സംസ്ഥാന സഹകരണ ബാങ്കിന്റെയും മാനേജ്മെന്റ് പ്രതിനിധികളുമായും, ജീവനക്കാരുടെ സംഘടനകളുമായും ചർച്ച നടത്തി. സമിതി വിവിധ വ്യക്തികളിൽ നിന്നും പ്രതിനിധികളിൽ നിന്നും ലഭിച്ച മുഴുവൻ നിവേദനങ്ങളും അപേക്ഷകളും വിശദമായി പരിശോധിക്കുകയും സമഗ്രമായി വിലയിരുത്തുകയും ചെയ്തു. ഇക്കാര്യത്തിൽ എന്റെ ഉത്തരവാദിത്വം പൂർണ്ണാർത്ഥത്തിൽ നിർവ്വഹിക്കുവാൻ വിലയേറിയ നിർദ്ദേശങ്ങളും സഹകരണവും നൽകി സഹായിച്ച ബഹു. സഹകരണ വകുപ്പ് മന്ത്രി, ശ്രീ. കടകംപള്ളി സുരേന്ദ്രൻ അവർകൾക്കും, ബഹു. സഹകരണ വകുപ്പ് സെക്രട്ടറി ശ്രീമതി.മിനി ആന്റണി IAS അവർകൾക്കും, മുൻ സഹകരണ സംഘം രജിസ്ട്രാർ ശ്രീ. എസ്.ഷാനവാസ് IAS നിലവിലെ സഹകരണസംഘം രജിസ്ട്രാർ ശ്രീമതി. പി.കെ ജയശ്രീ IAS, ശ്രീ. കെ. സജ്ജാദ് സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്), എന്നിവർക്കും സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ മറ്റ് ജീവനക്കാർക്കും എന്റെ ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു. സമിതിയുടെ പ്രവർത്തനത്തിനായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിതന്നുകൊണ്ടു സമിതിയുടെ കൺവീനർ കൂടിയായ ശ്രീ.സജ്ജാദ് മാതൃകാപരമായ സേവനമാണ് കാഴ്ചവച്ചിട്ടുള്ളത്. ഈ ഉദ്യമത്തിൽ ആത്മാർത്ഥമായി സഹായിച്ചതിന് ശ്രീ. സജ്ജാദിനും ആഫീസിലെ ജീവനക്കാർക്കും, ഈ കമ്മിറ്റിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

കേരള ബാങ്കിന്റെ നിലവിലെ ആവശ്യകതകളും ദീർഘകാല അടിസ്ഥാനത്തിലുള്ള ഭാവി ആവശ്യകതകളും പരിഗണിച്ചും സമിതിയിലെ അംഗങ്ങളായ പരിണിതപ്രജ്ഞരും ദീർഘകാല പ്രായോഗിക ജ്ഞാനം ഉള്ളവരുമായ ബാങ്കിംഗ്, മാനേജ്മെന്റ്, ധനകാര്യം, സഹകരണം എന്നീ മേഖലകളിലെ വിദഗ്ദർ ഉൾപ്പെട്ട സമിതിയുടെ ബൗദ്ധികവിചിന്തനങ്ങളുടെ പ്രതിഫലനമായി ഉടലെടുത്തതാണ് ഈ നിർദ്ദേശങ്ങൾ.

സർക്കാർ നിർദ്ദേശിച്ച പരിശോധനാ വിഷയങ്ങളുടെ അടിസ്ഥാനത്തിൽ ഞങ്ങൾക്ക് മുന്നിൽവന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഞങ്ങളുടെ ഭാഗത്തുനിന്നും പരമാവധി ശ്രമിച്ചിട്ടുണ്ട്. കേരള ബാങ്കിന്റെ ഘടന സംബന്ധിച്ച നിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുള്ളത് രാജ്യത്തെ വാണിജ്യ ബാങ്കുകളിൽ നിലനിൽക്കുന്ന സംവിധാനങ്ങളുടെ പരിശോധനയുടെ കൂടി അടിസ്ഥാനത്തിലാണ്. ലയനം പൂർത്തിയായി കേരള ബാങ്ക് പ്രവർത്തിച്ചു തുടങ്ങുന്ന വേളയിൽ ഞങ്ങളുടെ നിർദ്ദേശങ്ങൾ ഉപകാരപ്രദമാകുമെന്ന് പ്രത്യാശിക്കുന്നു.

മേൽ അഭിപ്രായത്തോടെ കേരള ബാങ്ക് ശമ്പള ഏകീകരണ/പരിഷ്കരണ കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചുകൊള്ളുന്നു.

എം.എൻ ഗുണവർദ്ധനൻ
ഐ.എ.എസ് (Rtd)
ചെയർമാൻ
ശമ്പള പരിഷ്കരണ/ഏകീകരണ സമിതി,
കേരള ബാങ്ക്.

# ഉള്ളടക്കം

പട്ടികകളുടെ ലിസ്റ്റ്.
ചിത്രങ്ങളുടെ പട്ടിക

## അദ്ധ്യായങ്ങൾ

1. ആമുഖം
2. കേരള സംസ്ഥാന സഹകരണ ബാങ്കിന്റെയും സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളുടെയും സാമ്പത്തിക നില.
3. ശമ്പള നിർണ്ണയവും പരിഷ്കരിച്ച സ്കെയിലുകളും .
4. കേരള ബാങ്കിന്റ ഭരണ ക്രമവും സ്ഥാപന ഘടനയും
5. കേരള ബാങ്കിലെ തസ്തികകളുടെ സംയോജനവും ശമ്പള ഏകീകരണവും .
6. ശമ്പള പരിഷ്കരണ ശമ്പള ഏകീകരണ/ ശുപാർശകൾ.
7. ഉപസംഹാരം.

## അനുബന്ധങ്ങൾ

1. ശമ്പള പരിഷ്കരണ സമിതിയുടെ യോഗങ്ങൾ
2. കേരള സംസ്ഥാന സഹകരണ ബാങ്കിലെയും ജില്ലാ സഹകരണ ബാങ്കിലെയും ജിവനക്കാരുടെ വിവരണ പട്ടിക.
3. കേരള സംസ്ഥാന സഹകരണ ബാങ്ക് ജില്ലാ സഹകരണ ബാങ്ക് എന്നിവയിലെ വിവിധ സംഘടനകൾ, വ്യക്തികൾ എന്നിവർ ഉന്നയിച്ച ആവശ്യങ്ങളിൽമേൽ സമിതിയുടെ അഭിപ്രായങ്ങൾ.
4. സ്ഥാപന സജ്ജീകരണം-ചാർട്ട്

# പട്ടികകളുടെ ലിസ്റ്റ്.

| പട്ടിക നമ്പർ | ശീർഷകം |
|---|---|
| 1. | 2013-14 മുതൽ 2017-18 വർഷത്തെ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിലെ തിരഞ്ഞെടുത്ത സാമ്പത്തിക അവലോകനം. |
| 2. | 2013-14 മുതൽ 2017-18 വർഷത്തെ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിലെ തിരഞ്ഞെടുത്ത സാമ്പത്തിക നില. (ശതമാനാടിസ്ഥാനത്തിൽ) |
| 3. | 2013-14 മുതൽ 2017-18 വർഷത്തെ ജില്ലാ സഹകരണ ബാങ്കുകളുടെ തിരഞ്ഞെടുത്ത സാമ്പത്തിക നില. (ഏകീകരിച്ചത്) |
| 4. | 2013-14 മുതൽ 2017-18 വർഷത്തെ ജില്ലാ സഹകരണ ബാങ്കുകളുടെ ശാഖകളുടെ വളർച്ച. |
| 5. | 2013-14 മുതൽ 2017-18 വർഷത്തെ ജില്ലാ സഹകരണ ബാങ്കുകളുടെ നിക്ഷേപ വളർച്ച. |
| 6. | 2013-14 മുതൽ 2017-18 വർഷത്തെ ജില്ലാ സഹകരണ ബാങ്കുകൾ നൽകിയിട്ടുള്ള വായപകളുടെ അവലോകനം. |
| 7. | 2013-14 മുതൽ 2017-18 വർഷത്തെ ജില്ലാ സഹകരണ ബാങ്കുകളുടെ വായ്പ നിക്ഷേപ അനുപാത വിവരണം. |
| 8. | 2013-14 മുതൽ 2017-18 വർഷത്തെ ജില്ലാ സഹകരണ ബാങ്കുകൾ കടം വാങ്ങിയതിലെ വളർച്ച. |
| 9. | 2013-14 മുതൽ 2017-18 വർഷത്തെ ജില്ലാ സഹകരണ ബാങ്കുകളുടെ കരുതലുകളുടെയും വ്യവസ്ഥകളുടെയും വളർച്ച. |
| 10. | 2013-14 മുതൽ 2017-18 വർഷത്തെ ജില്ലാ സഹകരണ ബാങ്കുകളുടെ ആകെ വരുമാന അവലോകനം. |
| 11. | 2013-14 മുതൽ 2017-18 വർഷത്തെ ജില്ലാ സഹകരണ ബാങ്കുകളുടെ ആകെ ചെലവ് അവലോകനം. |
| 12. | 2013-14 മുതൽ 2017-18 വർഷത്തെ ജില്ലാ സഹകരണ ബാങ്കുകളുടെ ആകെ വരുമാന ചെലവ് അനുപാതം. |
| 13. | 2013-14 മുതൽ 2017-18 വർഷത്തെ ജില്ലാ സഹകരണ ബാങ്കുകളുടെ സിൽബന്തി ചെലവ് അവലോകനം. |
| 14. | 2013-14 മുതൽ 2017-18 വർഷത്തെ ജില്ലാ സഹകരണ ബാങ്കുകളുടെ ആകെ ചെലവുകളിലെ സിൽബന്തി ചെലവുകളുടെ അനുപാതം. |

15. 2013–14 മുതൽ 2017–18 വർഷത്തെ ജില്ലാ സഹകരണ ബാങ്കുകളുടെ അറ്റലാഭം/നഷ്ടം.
16. 2013–14 മുതൽ 2017–18 വർഷത്തെ ജില്ലാ സഹകരണ ബാങ്കുകളുടെ അറ്റലാഭവും വരുമാനവും തമ്മിലുള്ള അനുപാതം
17. 2013–14 മുതൽ 2017–18 വർഷത്തെ ജില്ലാ സഹകരണ ബാങ്കുകളുടെ നിഷ്ക്രീയ ആസ്തികൾ.
18. 2013–14 മുതൽ 2017–18 വർഷത്തെ ജില്ലാ സഹകരണ ബാങ്കുകളുടെ നിഷ്ക്രീയ ആസ്തിയും വായ്പയുമായുള്ള അനുപാതം.

# ചിത്രങ്ങളുടെ പട്ടിക

**ചിത്രങ്ങളുടെ നമ്പർ** **ശീർഷകം.**


1. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ 2013–14 മുതൽ 2017–18 വർഷത്തെ വായ്പകളും നിക്ഷേപങ്ങളും.
2. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ 2013–14 മുതൽ 2017–18 വർഷത്തെ വായ്പാ നിക്ഷേപ അനുപാതം.
3. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ 2013–14 മുതൽ 2017–18 വർഷത്തെ അറ്റ ലാഭം/നഷ്ടം.
4. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ 2013–14 മുതൽ 2017–18 വർഷത്തെ നിഷ്ക്രിയ ആസ്തികൾ.
5. ജില്ലാ സഹകരണ ബാങ്കുകളുടെ 2013–14 മുതൽ 2017–18 വർഷത്തെ വായ്പകളും നിക്ഷേപങ്ങളും.
6. ജില്ലാ സഹകരണ ബാങ്കുകളുടെ 2013–14 മുതൽ 2017–18 വർഷത്തെ വായ്പാ നിക്ഷേപ അനുപാതം.
7. ജില്ലാ സഹകരണ ബാങ്കുകളുടെ 2013–14 മുതൽ 2017–18 വർഷത്തെ അറ്റ ലാഭം/നഷ്ടം.
8. ജില്ലാ സഹകരണ ബാങ്കുകളുടെ 2013–14 മുതൽ 2017–18 വർഷത്തെ നിഷ്ക്രിയ ആസ്തികൾ.

അദ്ധ്യായം.1

# ആമുഖം

കേരള സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരണം നടക്കുന്ന സാഹചര്യത്തിൽ സംസ്ഥാന സഹകരണ ബാങ്കിലേയും ജില്ലാ സഹകരണ ബാങ്കുകളിലേയും ജിവനക്കാരുടെ തസ്തിക സംയോജനം, മുൻഗണനാ ക്രമം എന്നിവ സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ടി സ്ഥാപനങ്ങളിൽ 01.04.2017 ന് നടത്തേണ്ട ശമ്പള പരിഷ്കരണം സംബന്ധിച്ച ശുപാർശകൾ സമർപ്പിക്കുന്നതിനും സർക്കാരിന്റെ 15.02.2019 – ലെ G.O. (ms) No. 9/2019/ co-op നമ്പർ ഉത്തരവ് പ്രകാരം താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ശമ്പള ഏകീകരണ/പരിഷ്കരണ കമ്മിറ്റി രൂപീകരിച്ചു.

ചെയർമാൻ – **എം. എൻ. ഗുണവർദ്ധനൻ ഐ.എ.എസ്.** (Rtd.)
(മുൻ ഗവ.സെക്രട്ടറി)

അംഗങ്ങൾ – **സാംകുട്ടി മാത്യൂസ്** (Rtd. G.M. SBI)

– **Prof. (Dr.) കെ) ശശികുമാർ** .Rtd. Prof. & Director, School of Business Management & Legal Studies, University of Kerala)

– **റ്റി. രാധാകൃഷ്ണൻ** (Rtd. Sr. Finance Officer, Higher Grade, Govt of Kerala)

കൺവീനർ – അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്), സഹകരണ വകുപ്പ്

**പരിശോധനാ വിഷയങ്ങൾ :-**

1. സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും 01.04.2017 മുതലുള്ള ശമ്പള പരിഷ്കരണം സംബന്ധിച്ച ശുപാർശകൾ സമർപ്പിക്കുക.
2. ദേശസാൽകൃത വാണിജ്യ ബാങ്കുകളുടെ ശമ്പള ഘടനയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടേയും കേരളാബാങ്ക് രൂപീകരണത്തെ തുടർന്നുള്ള തസ്തിക സംയോജനത്തിന് വേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുക.
3. ശമ്പള പരിഷ്കരണത്തിന്റെ സാമ്പത്തിക ബാദ്ധ്യത വിലയിരുത്തുക.
4. തസ്തിക സംയോജനം സംബന്ധിച്ച പരാതികളും ശമ്പളം, പദവി എന്നിവയുടെ പ്രശ്നങ്ങളും പഠിച്ച് നിർദ്ദേശങ്ങൾ നൽകുക.

നടപടി ക്രമങ്ങൾ.

1. 25.02.2019 – ൽ കമ്മിറ്റി ചുമതല ഏറ്റെടുത്തു. അന്നുതന്നെ ആദ്യ യോഗം ചേരുകയും ചെയ്തു. തുടർന്ന് സമിതി ആകെ 27 യോഗങ്ങൾ ചേർന്നു. **(അനുബന്ധം 1 )**
2. സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും ശമ്പള വിവരങ്ങളും, ടി സ്ഥാപനങ്ങളുടെ സാമ്പത്തിക നിലയും ജീവനക്കാരുടെ തസ്തിക, ശമ്പളം എന്നിവ സംബന്ധിച്ച് പ്രത്യേകം തയ്യാറാക്കിയ പ്രൊഫോമയിൽ ശേഖരിച്ചു.
3. സംസ്ഥാന സഹകരണ ബാങ്കിലേയും ജില്ലാ സഹകരണ ബാങ്കുകളുടേയും എംപ്ലോയീസ് യൂണിയനുകളിൽ നിന്ന് അവരുടെ അഭിപ്രായങ്ങൾ ശേഖരിച്ചു.
4. വാണിജ്യ ബാങ്കുകളുടെ ശമ്പള പരിഷ്കരണ വിവരങ്ങൾ ശേഖരിച്ചു.
5. കേരള ബാങ്ക് സംബന്ധിച്ച ശ്രീറാം കമ്മിറ്റിയുടെ റിപ്പോർട്ട്, കേരള ബാങ്ക് സ്പെഷ്യൽ സെൽ ശേഖരിച്ചിട്ടുള്ള ജീവനക്കാരുടെ വിവരങ്ങൾ, തസ്തിക എന്നിവ ലഭ്യമാക്കി.
6. കേരള സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക് എന്നിവയുടെ 31.03.2018–ലെ ആഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള സാമ്പത്തിക സ്ഥിതി പരിശോധനാ വിധേയമാക്കി.
7. സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടേയും 31.03.2017, 31.03.2019 തീയതികളിലെ ജീവനക്കാരുടെ തസ്തിക അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കി.
8. സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടേയും ജീവനക്കാരുടെ പ്രതിനിധികളുമായി 05.04.2019, 06.04.2019 തീയതികളിൽ യോഗം സംഘടിപ്പിക്കുകയും, നിർദ്ദേശങ്ങൾ ലഭ്യമാക്കുകയും ചെയ്തു.
9. ജില്ലാ സഹകരണ ബാങ്ക് മാനേജ്മെന്റുമായി, (അഡ്മിനിസ്ട്രേറ്റർ, ജനറൽമാനേജർ) 25.04.2019–ൽ യോഗം ചേരുകയും ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ ലഭ്യമാക്കുകയുണ്ടായി.
10. സംസ്ഥാന സഹകരണ ബാങ്കിലും ജില്ലാ സഹകരണ ബാങ്കുകളിലും നിയമനം ലഭിച്ച പ്രാഥമിക സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ ശമ്പള സംരക്ഷണം, വെയിറ്റേജ് എന്നിവ ആവശ്യപ്പെട്ടും ടി സ്ഥാപനങ്ങളിലെ കമ്മിഷൻ അടിസ്ഥാനത്തിൽ നിലവിലുള്ള കളക്ഷൻ ഏജന്റുമാർ ജോലി സ്ഥിരത, ശമ്പള പരിഷ്കരണം എന്നിവ ആവശ്യപ്പെട്ടും സർക്കാരിന് നൽകിയിട്ടുള്ള നിവേദനങ്ങൾ കമ്മിഷന്റെ പരിഗണനക്കായി ലഭിച്ചത് പരിശോധിച്ചു.

11. ജില്ലാ സഹകരണ ബാങ്കുകളിലെ ഫീഡർ കാറ്റഗറികളിൽ ഉൾപ്പെടാത്ത വിഭാഗങ്ങളിലെ ജീവനക്കാർ കമ്മിഷനു മുന്നിൽ സമർപ്പിച്ചിരുന്ന നിവേദനങ്ങളും പരിശോധിച്ചു.
12. വ്യക്തികളും സംഘടനകളും സർക്കാർ, രജിസ്ട്രാർ എന്നിവർ മുമ്പാകെ സമർപ്പിച്ചതും കമ്മിഷന്റെ പരിഗണക്കായി വന്നതുമായ അപേക്ഷകൾ സമിതി വിശദമായി ചർച്ച ചെയ്തു.

## അദ്ധ്യായം 2

# സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും സാമ്പത്തിക സ്ഥിതി

സംസ്ഥാന സഹകരണ ബാങ്ക്/ജില്ലാ സഹകരണ ബാങ്കുകൾ എന്നിവയുടെ ശമ്പള ഏകീകരണ/ശമ്പള പരിഷ്കരണ കമ്മറ്റിയുടെ നടപടി ക്രമങ്ങളുടെ ഭാഗമായി സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും 2013-14 മുതൽ 2017-18 വരെയുള്ള സാമ്പത്തിക സ്ഥിതി പരിശോധിക്കുന്നതിന് തീരുമാനിച്ചു. 01.04.2017 മുതൽ നടപ്പിലാക്കേണ്ട ശമ്പള പരിഷ്കരണം കൊണ്ടുള്ള അധിക സാമ്പത്തിക ഭാരം നേരിടുവാനുള്ള സാമ്പത്തിക സ്ഥിതി വിലയിരുത്തുന്നതിലേയ്ക്കാണ് ഇപ്രകാരം ഒരു പഠനം നടത്താൻ കമ്മിഷൻ തീരുമാനിച്ചത്. ഇതിലേയ്ക്കായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ 2013-14 മുതൽ 2017-18 വരെയുള്ള 5 വർഷത്തെ ആഡിറ്റ് ചെയ്ത കണക്കുകളുടെ അടിസ്ഥാനത്തിലും കമ്മിറ്റി പ്രത്യേകം തയ്യാറാക്കി സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കിയ സ്ഥിതിവിവര കണക്കുകളുടെ അടിസ്ഥാനത്തിലും പഠനം നടത്തുകയുണ്ടായി. ഇപ്രകാരം ലഭ്യമായവിവരങ്ങൾ എക്സൽ, എസ്.പി.എസ്. എസ്.(SPSS- Statistical Package for Social Sciences) പ്രോഗ്രാമിന്റെ സഹായത്തോടെ വിശകലനം ചെയ്യുകയുണ്ടായി. പ്രസ്തുത വിശകലനത്തിനും വ്യാഖ്യാനത്തിനും അടിസ്ഥാന ഗണിത ഘടകങ്ങളായ സാമ്പത്തിക അനുപാത വിശകലനം, ശരാശരി വാർഷിക വളർച്ചാ നിരക്കുകൾ, ശതമാന കണക്ക് എന്നിവ ഉപയോഗിച്ച് വിശകലനം ചെയ്യുകയുണ്ടായി. അതനുസരിച്ച് ഓരോ ജില്ലാ സഹകരണ ബാങ്കിന്റെയും കണക്കുകൾ സംസ്ഥാന ശരാശരിയുമായി താരതമ്യ പഠനം നടത്തിയാണ് അവയുടെ യഥാർത്ഥ സാമ്പത്തിക സ്ഥിതി വിലയിരുത്തിയിട്ടുള്ളത്. പ്രസ്തുത പഠനം സംസ്ഥാന സഹകരണ ബാങ്കിനെ സംബന്ധിച്ച് സെക്ഷൻ A യിലും ജില്ലാ സഹകരണ ബാങ്കുകളെ സംബന്ധിച്ച് സെക്ഷൻ B യിലും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## എ

## കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ 2013-14 മുതൽ 2017-18 വരെയുള്ള സാമ്പത്തിക നില

സംസ്ഥാനത്തെ സഹകരണ വായ്പാ മേഖലകളിലെ ത്രിതല സംവിധാനത്തിലെ ഏറ്റവും കേന്ദ്രീകൃതസ്ഥാനം കൈയാളുന്നതും അതിനാൽ തന്നെ സംസ്ഥാനത്തെ സഹകരണ രംഗത്തിന്റെ സാമ്പത്തിക അവസ്ഥയെയും പ്രവർത്തനങ്ങളെയും വലിയൊരളവിൽ ബാധിക്കുന്നതാണ് സംസ്ഥാന സഹകരണ ബാങ്കിന്റെ സാമ്പത്തിക നില. സംസ്ഥാന സഹകരണ ബാങ്കിന്റെ സാമ്പത്തിക മികവും ലാഭക്ഷമതയും പ്രധാനമായും ആശ്രയിച്ചിരിക്കുന്നത് ബാങ്കിന് കുറഞ്ഞ നിരക്കിലുള്ള ഫണ്ടുകളുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിലും ലഭ്യമായ ഫണ്ട് കാര്യക്ഷമമായി വിനിയോഗിക്കുന്നതിലുമാണ്.

സംസ്ഥാന സഹകരണ ബാങ്കിന്റെ അംഗീകൃത മൂലധനം 1000 കോടി രൂപയാണ്. 31.03.2018 - ൽ അടച്ചു തീർത്ത ഓഹരി മൂലധനം 678.78 കോടിയാണ്. ഇതിൽ സർക്കാരിന്റെ വിഹിതം 43.34 ശതമാനമായ 294.20 കോടിയും ജില്ലാ സഹകരണ ബാങ്കുകളുടെ വിഹിതം 56.66 ശതമാനം ആയ 384.58 കോടി രൂപയുമാണ്. തുടക്കത്തിൽ ബാങ്കിന്റെ പ്രവർത്തന മൂലധനം 49.20 ലക്ഷം രൂപയുടെ സ്ഥാനത്ത് 31.03.2018 ൽ 11903.94 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്.

സംസ്ഥാന സഹകരണ ബാങ്കിന്റെ സാമ്പത്തിക നില സംബന്ധിച്ച പഠനം നടത്തിയത് താഴെ പറയുന്ന മേഖലകളിലാണ്.

- ശാഖകളുടെ വിന്യാസം
- നിക്ഷേപ സമാഹരണം
- വായ്പകളും അഡ്വാൻസുകളും
- മറ്റ് സ്ഥാപനങ്ങളിൽ നിന്നുമുള്ള കടമെടുക്കൽ
- ആകെ വരുമാനം
- ആകെ ചെലവുകൾ
- എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ
- അറ്റലാഭംനഷ്ടം/
- കരുതൽ ഫണ്ട്പ്രൊവിഷനുകൾ എന്നിവ ,
- നിഷ്ക്രിയ ആസ്തി.

## 1. ശാഖകളുടെ വിന്യാസം

സംസ്ഥാനത്തെ സഹകരണ ബാങ്കിംഗ് രംഗത്തെ കേന്ദ്ര സ്ഥാപനമായതിനാൽ ജില്ലാ സഹകരണ ബാങ്കുകളുടെ ശാഖകൾക്ക് ദോഷകരമായി സംസ്ഥാനത്തു ഉടനീളം ശാഖകൾ ആരംഭിക്കേണ്ടതില്ല എന്ന ഒരു നയം തുടക്കം മുതലേ സംസ്ഥാന സഹകരണ ബാങ്ക് സ്വീകരിച്ചിരുന്നു. അതിനാൽ ഓരോ ജില്ലയിലും ഒരു ശാഖയായി പരിമിതപ്പെടുത്തിയിരുന്നു. 2013–14–ൽ 20 ശാഖയായിരുന്നത് 2017–18–ലും അതേപടി തുടരുന്നു. (പട്ടിക 1)

**പട്ടിക–1**

2013–14 മുതൽ 2017–18 വരെയുള്ള സംസ്ഥാന സഹകരണ ബാങ്കിന്റെ തെരഞ്ഞെടുക്കപ്പെട്ട സൂചകങ്ങളിലെ പ്രകടനം

| ക്രമ നം. | സൂചകങ്ങൾ | വർഷം | | | | | |
|---|---|---|---|---|---|---|---|
| | | 2013–14 | 2014–15 | 2015–16 | 2016–17 | 2017–18 | വളർച്ച (ശതമാനത്തിൽ) |
| 1 | ശാഖകളുടെ എണ്ണം | 20 | 20 | 20 | 20 | 20 | – |
| 2 | നിക്ഷേപം (കോടി) | 7702.3 | 5642.54 | 6034 | 6673.57 | 8005.97 | 3.94 |
| 3 | വായ്പ (കോടി) | 2435.21 | 3478.28 | 3412.27 | 4622.18 | 5561.02 | 128.35 |
| 4 | നിഷ്ക്രിയ ആസ്തി (കോടി) | 602.43 | 557.78 | 532.11 | 387.54 | 328.36 | (–)45.49 |
| 5 | ബോറോയിംഗ്സ് (കോടി) | 206.96 | 1319.31 | 1411.81 | 2527.52 | 3238.02 | 1464.56 |
| 6 | കരുതലുകളും പ്രൊവിഷനുകളും | 409.79 | 398.37 | 385.21 | 454.43 | 405.44 | (–)1.06 |
| 7 | അറ്റലാഭം (കോടി) | (–)63.58 | 46.5 | 12.83 | 89.47 | 100.35 | 115.8 |
| 8 | മൊത്ത വരുമാനം (കോടി) | 681.22 | 796.12 | 648.4 | 685.37 | 848.25 | 24.52 |
| 9 | ആകെ ചെലവുകൾ (കോടി) | 744.8 | 749.62 | 635.58 | 595.9 | 747.9 | 0.41 |
| 10 | എസ്റ്റാബ്ലിഷ് മെന്റ് ചെലവുകൾ (ശമ്പളം) (കോടി) | 22.84 | 21.57 | 24.99 | 25.46 | 26.82 | 17.42 |

അവലംബം – 1. സംസ്ഥാന സഹകരണ ബാങ്കിന്റെ 2013–14 മുതൽ 2017–18 വരെയുള്ള ആഡിറ്റ് സർട്ടിഫിക്കറ്റുകൾ
2. സംസ്ഥാന സഹകരണ ബാങ്ക് സഹകരണ സംഘം രജിസ്ട്രാർക്ക് നൽകിയ സ്ഥിതിവിവര കണക്കുകൾ

**2. നിക്ഷേപ സമാഹരണം**

ബാങ്കിന്റെ വിഭവസമാഹരണത്തിന്റെ ഏറിയപങ്ക് പൊതുജനങ്ങളിൽ നിന്നും സ്വീകരിക്കുന്ന നിക്ഷേപങ്ങളാണ്. വായ്പ പ്രവർത്തനത്തിന് ലഭ്യമാകുന്ന ധനത്തിന്റെ പ്രധാന ഘടകവും ഈ നിക്ഷേപങ്ങളാണ്. ഈ വായ്പാ നിക്ഷേപ പ്രവർത്ത നങ്ങളിലെ ലാഭമാണ് ബാങ്കിന്റെ യഥാർത്ഥ ലാഭം. ബാങ്കിന്റെ ഫണ്ടിന്റെ ഏറ്റവും പ്രധാനവും മുഖ്യവുമായ ഘടകം നിക്ഷേപങ്ങളാണ്. ഈ നിക്ഷേപങ്ങളുടെ ഘടനയും അളവും നിക്ഷേപകരുടെ ഉടമസ്ഥതയും ബാങ്കിന്റെ വായ്പ-നിക്ഷേപ പ്രവർത്തനങ്ങളെ രൂപപ്പെടുത്തുന്നതിൽ വലുതായ പങ്ക് വഹിക്കുന്നുണ്ട്.

സംസ്ഥാന സഹകരണ ബാങ്കിന്റെ നിക്ഷേപം 2013-14-ലെ 7702.3 കോടിയിൽനിന്നും ഏകദേശം 3.94 ശതമാനം വർദ്ധിച്ച് 2017-18 വർഷത്തിൽ 8005.97 കോടിയായിട്ടുണ്ട്. (പട്ടിക-1)

**പട്ടിക-2**

സംസ്ഥാന സഹകരണ ബാങ്കിന്റെ 2013-14 മുതൽ 2017-18 വരെയുള്ള കാലയളവിലെ തെരഞ്ഞെടുക്കപ്പെട്ട സൂചകങ്ങളിലെ പ്രകടനങ്ങൾ സംബന്ധിച്ച് അനുപാതം ശതമാനത്തിൽ

| ക്രമ നം. | സൂചകങ്ങൾ | വർഷം | | | | |
|---|---|---|---|---|---|---|
| | | 2013-14 | 2014-15 | 2015-16 | 2016-17 | 2017-18 |
| 1 | വരുമാനം-ചെലവുകൾ സംബന്ധിച്ച അനുപാതം | 91.46 | 106.2 | 102.02 | 115.01 | 113.42 |
| 2 | എസ്റ്റാബ്ലിഷ് മെന്റ് ചെലവുകളും മൊത്തം ചെലവിന്റെ അനുപാതവും | 3.06 | 2.88 | 3.93 | 4.27 | 3.59 |
| 3 | അറ്റലാഭം-വരുമാനം അനുപാതം | (-)9.33 | 5.84 | 1.98 | 13.05 | 11.83 |
| 4 | നിഷ്ക്രിയ ആസ്തി - ആകെ വായ്പ - അനുപാതം | 24.73 | 16.03 | 15.59 | 8.38 | 5.9 |
| 5 | വായ്പ - നിക്ഷേപ അനുപാതം | 31.62 | 61.64 | 56.55 | 69.26 | 69.46 |

അവലംബം - 1. 2013-14 മുതൽ 2017-18 വരെയുള്ള സംസ്ഥാന സഹകരണ ബാങ്കിന്റെ ആഡിറ്റ് സർട്ടിഫിക്കറ്റുകൾ
2. സംസ്ഥാന സഹകരണ ബാങ്കിൽനിന്നും സഹകരണ സംഘം രജിസ്ട്രാർക്ക് നൽകിയ സ്ഥിതിവിവര കണക്കുകൾ

**3. വായ്പകളും അഡ്വാൻസുകളും**

ഒരു ബാങ്കിംഗ് സ്ഥാപനത്തിന്റെ പ്രധാനമായ പ്രവർത്തനം വായ്പകൾ നൽകലാണ്. ബാങ്കിന്റെ വരുമാനം ഇതുമൂലം ലഭിക്കേണ്ട പലിശയാണ്. സംസ്ഥാന സഹകരണ ബാങ്കിന്റെ വായ്പകളും അഡ്വാൻസുകളും 2013-14-ലെ 2435.21

കോടിയിൽനിന്നും 2017–18–ൽ 5561.02 കോടിയായി വർദ്ധിച്ചു. വർദ്ധനയുടെ ശതമാനം 128.35. ഇക്കാലയളവിൽ നിക്ഷേപത്തിൽ ഉണ്ടായ വർദ്ധനവിനെ അപേക്ഷിച്ച് വായ്പകളിലും അഡ്വാൻസുകളിലും വമ്പിച്ച വളർച്ച കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2013–14 ൽ വായ്പാ–നിക്ഷേപ അനുപാതം 32 ശതമാനമായിരുന്നത് 2017–18–ൽ 69 ശതമാനമായിട്ടുണ്ട്. ഇത് വായ്പാ–നിക്ഷേപ അനുപാതം വർദ്ധിപ്പിക്കുന്നതിന് ബാങ്ക് നടപ്പിലാക്കിയ ശ്രമങ്ങളുടെ ഭാഗമായിട്ടാണ്.

**4. കടമെടുപ്പ്**

സംസ്ഥാനത്തെ സഹകരണ മേഖലയിലെ കേന്ദ്രസ്ഥാപനമെന്ന നിലയിൽ ആർ.ബി.ഐ./നബാർഡ് എന്നിവയിൽനിന്നും സർക്കാരിൽനിന്നും ബാങ്ക് കടമെടുപ്പ് നടത്തിയിട്ടുണ്ട്. ബാങ്കിന്റെ കടമെടുപ്പ് 2013–14–ലെ 206.96 കോടിയിൽനിന്നും 2017–18–ൽ 1464.56 ശതമാനം വർദ്ധിച്ച് 2017–18–ൽ 3238.02 കോടി രൂപയായിട്ടുണ്ട്. ഈ പഠനകാലയളവിലാകെ കടമെടുപ്പ് വർദ്ധിച്ചിട്ടുള്ളതായി പട്ടിക–1–ൽ വ്യക്തമാകുന്നു. ഇപ്രകാരം നിക്ഷേപങ്ങളിൽ നിന്നുമല്ലാതെ കടമെടുപ്പിൽ ഉണ്ടായ വർദ്ധനവ് ഫണ്ടുകളുടെ ശരിയായ വിനിയോഗത്തിന്റെ ദൃഷ്ടാന്തമായി കാണാൻ കഴിയുകയില്ല. കടമെടുപ്പ് പരമാവധി കുറച്ച് നിക്ഷേപം വർദ്ധിപ്പിക്കുന്നതാണ് ഉചിതം.

**5. മൊത്തവരുമാനവും ചെലവുകളും**

ഒരു സ്ഥാപനത്തിലെ ഭരണനിർവ്വഹണത്തിന്റെ കാര്യക്ഷമത ഉറപ്പാക്കുന്നത് പ്രധാനമായും രണ്ട് തരത്തിലാണ്. ഇതിൽ ഒന്നാമത്തേത് ശരിയായ സാമ്പത്തിക നയസമീപനങ്ങളിലൂടെയും ശരിയായ നിക്ഷേപമാർഗ്ഗങ്ങൾ അവലംബിച്ചും വരുമാനം വർദ്ധിപ്പിക്കുകയും അതേസമയം ചെലവുകൾ നിയന്ത്രിച്ചുമാണ്. വരുമാനം വർദ്ധിപ്പിക്കുന്നതിന് ഏറ്റവും പ്രധാനമായ ഘടകമായി ചെലവുകളുടെ നിയന്ത്രണം കണക്കാക്കേണ്ടതും ഇത് ലാഭക്ഷമതയുടെ പ്രധാനമായ അളവുകോലായി കാണേണ്ടതുമാണ്. മറ്റൊരർത്ഥത്തിൽ ചെലവുകളുടെ നിയന്ത്രണം വർദ്ധിച്ച വരുമാനത്തിനിടയാക്കുന്നുണ്ട്. 2013–14 ൽ ബാങ്കിന്റെ ആകെ വരുമാനം 681.22 കോടിരൂപയും ചെലവുകൾ 744.8 കോടി രൂപയുമായിരുന്നു. ആയതിൽ വരുമാനം 2017–18–ൽ 24.52 ശതമാനം വർദ്ധിച്ച് 848.25 കോടി ആകുകയും ചെലവുകൾ നാമമാത്രമായി വെറും 0.41 ശതമാനം വർദ്ധിച്ച് 2017–18–ൽ 747.9 കോടി ആകുകയും ചെയ്തു. (പട്ടിക–1) ഈ ഫലങ്ങൾ കാണിക്കുന്നത് പഠനകാലയളവിൽ കാര്യക്ഷമമായ തരത്തിൽ ചെലവുകൾ നിയന്ത്രിച്ചുവെന്നതിന് തെളിവാണ്.

**6. എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ**

ഒരു സ്ഥാപനത്തിന്റെ സാമ്പത്തിക സുരക്ഷയുടെ പ്രധാന ഘടകങ്ങളിലൊന്നാണ് സിൽബന്തി ചെലവുകൾ. സംസ്ഥാന സഹകരണ ബാങ്കിന്റെ സിൽബന്തി ചെലവുകൾ 2013-14 ലെ 22.84 കോടിയിൽ നിന്നും 2017-18 ൽ 26.84 കോടി രൂപയായി ഏകദേശം 17.42 ശതമാനം വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. (പട്ടിക-1) സിൽബന്തി ചെലവിന്റെയും മൊത്തം ചെലവിന്റെയും അനുപാതം 2013-14 ലെ 3.06 ശതമാനമെന്ന നിരക്കിൽ നിന്നും 2017-18 ൽ 3.59 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്. (പട്ടിക - 2) ഇതിൽ നിന്നും വ്യക്തമാകുന്നത് ബാങ്കിന് ഇക്കാലയളവിൽ സിൽബന്തി ചെലവുകളിൽ കാര്യമായ നിയന്ത്രണം നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നാണ്.

**7. അറ്റലാഭം/അറ്റനഷ്ടം**

ഏതൊരു ബിസിനസ്സ് പ്രവർത്തനത്തിന്റെയും അന്തിമ ഫലമാണ് ലാഭം. ലാഭത്തിന്റെ അഭാവത്തിൽ ഒരു സ്ഥാപനത്തിനും നിലനിൽക്കാനാവില്ല. ലാഭത്തിന്റെ വളർച്ച ഏതൊരു സ്ഥാപനത്തിന്റെയും സാമ്പത്തിക വിജയത്തിന്റെ സൂചകമാണ്. കേരള സംസ്ഥാന സഹകരണ ബാങ്കും അതിൽ നിന്നും ഒഴിവാകുന്നില്ല. കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ ലാഭം വരുമാനത്തെ പ്രതിനിധീകരിക്കുന്നു. ഇത് റവന്യൂ ഘടകത്തിന്റെയും കോസ്റ്റ് ഘടകത്തിന്റെയും ഫലമാണ്. പട്ടിക-1 അനുസരിച്ച് കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ അറ്റനഷ്ടം 2013-14-ൽ 63.58 കോടിയായിരുന്നു. ഇത് 2017-18 ൽ 100.35 കോടിയുടെ ലാഭമായി ഉയർന്നു. 2014-15 മുതൽ 2017-18 വരെയുള്ള കാലയളവിൽ ഇത് 115.8 ശതമാനം വളർച്ച കാണിക്കുന്നു. അറ്റലാഭം/അറ്റനഷ്ടവും വരുമാനവും സംബന്ധിച്ച അനുപാതം 2013-14 ൽ അറ്റനഷ്ടം 9.33 ശതമാനമായിരുന്നത് 2017-18 ൽ അറ്റലാഭം 11.83 ശതമാനമായി ഉയർന്നു. പഠനത്തിന് വിധേയമാക്കിയ വർഷങ്ങളിൽ ബാങ്കിന്റെ പ്രകടനം മെച്ചപ്പെട്ടതായി കാണുന്നു.

**8. കരുതൽ ധനവും പ്രൊവിഷനുകളും**

ഓരോ ബാങ്കും അതിന്റെ ലാഭത്തിന്റെ ഒരു ഭാഗം നിയമാനുസൃതമായ കരുതൽ അല്ലെങ്കിൽ മറ്റ് കരുതൽ രൂപത്തിൽ സൂക്ഷിക്കേണ്ടതുണ്ട്. 2013-14 ൽ 409.7 കോടി രൂപയായിരുന്ന കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ മൊത്തം റിസർവ് ഫണ്ട് 2017-18 ൽ 405.44 കോടി രൂപയായി കുറഞ്ഞുവെന്ന് പട്ടിക -1 ൽ നിന്നും അനുമാനിക്കാം. ഈ പഠനകാലയളവിൽ ഇത് 1.06 ശതമാനം ഇടിവ് കാണിക്കുന്നു. സാധാരണയായി റിസർവ് ഫണ്ട് ഉയർന്നാൽ ബാങ്കിന്റെ ഫലപ്രദമായ പ്രവർത്തനവും വർദ്ധിക്കും.

### 9. പ്രവർത്തന രഹിതമായ ആസ്തികൾ/നിഷ്ക്രിയ ആസ്തികൾ

പ്രത്യേക കാലയളവിൽ വായ്പകളും മുൻകൂറുകളും കാലഹരണപ്പെടുമ്പോഴും ക്രമരഹിതമാകുമ്പോഴും അവ പ്രവർത്തന രഹിതമായ ആസ്തിയായി കണക്കാക്കപ്പെടുന്നു. ഒരു നല്ല വായ്പ (ആസ്തി) ഒരു നിഷ്ക്രിയ ആസ്തിയായി മാറുമ്പോൾ അത്തരം ആസ്തികൾക്കെതിരെ കരുതൽ വയ്ക്കേണ്ടതാണ്. ക്രെഡിറ്റ് റിസ്ക് കണക്കാക്കാനുള്ള ഒരു ഉപാധിയാണ് മൊത്തം വായ്പയുടെയും കരുതലിന്റെയും അളവും നിഷ്ക്രിയ ആസ്തിയും തമ്മിലുള്ള അനുപാതം. പട്ടിക 1 പ്രകാരം കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ 2013-14 വർഷത്തെ നിഷ്ക്രിയ ആസ്തിയായ 602.13 കോടി രൂപ 2017-18 വർഷം ആയപ്പോൾ 328.36 കോടി രൂപയായി മാറിയത് കാണിക്കുന്നത് ഇക്കാലയളവിൽ 45.49 ശതമാനത്തിന്റെ കുറവുണ്ടായി എന്നതാണ്. പട്ടിക 2 പ്രകാരം മൊത്തം വായ്പയുടെയും കരുതലിന്റെയും തുകയും നിഷ്ക്രിയ ആസ്തിയും തമ്മിലുള്ള അനുപാതം 2013-14 ലെ 24.73 ശതമാനം എന്നത് 2017-18 ൽ 5.90 ശതമാനം എന്നായി കുറഞ്ഞിട്ടുണ്ട്. ഇത് കാണിക്കുന്നത് ബാങ്ക് നിഷ്ക്രിയ ആസ്തിയെ കാര്യക്ഷമതയോടെ കൈകാര്യം ചെയ്തു എന്നതാണ്.

## ബി

## ജില്ലാ സഹകരണ ബാങ്കുകൾ (DCCBs)

കാർഷിക വായ്പാ സഹകരണ സംഘങ്ങളുടേയും മറ്റു വിഭാഗത്തിൽപ്പെട്ട സംഘങ്ങളുടേയും വികസനത്തിന് ജില്ലാ സഹകരണ ബാങ്കുകൾ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നുണ്ട്. സംസ്ഥാന സഹകരണ ബാങ്കിനേയും പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളേയും തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണിയായി ഇവ പ്രവർത്തിക്കുന്നു. അധികം ഫണ്ടുള്ള സംഘങ്ങളിൽ നിന്നും ഫണ്ടിന് ദൗർലഭ്യം നേരിടുന്ന സംഘങ്ങളിലേയ്ക്ക് ഫണ്ട് മാറ്റി നൽകുന്നതിലൂടെ ഇവർ ഒരു സംതുലന കേന്ദ്രമായി പ്രവർത്തിക്കുന്നു. മൂന്ന് തലത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാന സഹകരണ വായ്പാ ഘടനയിൽ ജില്ലാ സഹകരണ ബാങ്കുകളുടെ സ്ഥാനം മദ്ധ്യ തലത്തിലാണ്. സഹകരണ വായ്പാ ഘടനയിൽ മദ്ധ്യ തലത്തിൽ ആയതിനാൽ ഇവർ മറ്റു രണ്ടുതലങ്ങളുമായി (മുകൾത്തട്ടും, കീഴ്ത്തട്ടും) പ്രവർത്തനങ്ങളിൽ ബന്ധപ്പെടുന്നു. ബിസിനസ്സിന്റെ വളർച്ച, അംഗങ്ങൾക്ക് നൽകുന്ന സേവനം, നെറ്റ് വർത്തിന്റെ പുരോഗതി മുതലായവയാണ് ഒരു സഹകരണ ബിസിനസ്സ് സംരംഭത്തിന്റെ യഥാർത്ഥ വിജയം കാട്ടിത്തരുന്നത്. ജില്ലയിലെ മുഴുവൻ സഹകരണ സ്ഥാപനങ്ങളിലും ഒരു നല്ല സ്വാധീനമുണ്ടാക്കുവാൻ ജില്ലാ ബാങ്കുകളുടെ കഴിവുറ്റ ധനകാര്യ മാനേജ്മെന്റിന് കഴിയും. ഇപ്രകാരം ജില്ലാ സഹകരണ ബാങ്കുകളുടെ ലാഭ

സാധ്യത ആവശ്യത്തിന് ഫണ്ട് ലഭ്യമാക്കുന്നത് പോലുള്ള കഴിവുറ്റ ഫണ്ട് മാനേജ്മെന്റിനെ ആശ്രയിച്ചിരിക്കുന്നു.

കേരളത്തിൽ പതിനാല് ജില്ലകളിൽ ഓരോന്നിലും, ജില്ലാ ഹെഡ്ക്വാർട്ടേഴ്സുകളിൽ ആസ്ഥാന കാര്യാലയം സ്ഥാപിച്ചുകൊണ്ട്, ഓരോ ജില്ലാ സഹകരണ ബാങ്കുകൾ പ്രവർത്തിക്കുന്നുണ്ട്. അഫിലിയേറ്റഡ് സംഘങ്ങളുടെ പ്രവർത്തനങ്ങളെ സഹായിക്കുക എന്നതാണ് ജില്ലാ ബാങ്കുകളുടെ പ്രധാന ലക്ഷ്യം. ചുവടെ ചേർക്കുന്ന ഘടകങ്ങൾ പരിഗണിച്ചുകൊണ്ട് സംസ്ഥാനത്തെ ജില്ലാ ബാങ്കുകളുടെ സാമ്പത്തിക പ്രകടനത്തെക്കുറിച്ച് പഠിക്കുന്നതിനുള്ള ഒരു ശ്രമമാണ് ഈ സെക്ഷനിൽ നടത്തിയിരിക്കുന്നത്.

- **ശാഖാ ശ്രേണി** (Branch Network)
- **നിക്ഷേപ സമാഹരണം** (Deposit mobilisation)
- **വായ്പകളുംമുൻകൂറുകളും ,** (Loans and advances)
- **കടം വാങ്ങൽ** (Borrowings)
- **കരുതൽ ധനവും വ്യവസ്ഥകളും** (Reserves and provisions)
- **മൊത്ത വരുമാനം** (Total income)
- **മൊത്തം ചെവല്** (Total expenditure)
- **എസ്റ്റാബ്ലിഷ് മെന്റ് ചെലവ്** (Establishment Expenditure)
- **അറ്റ ലാഭംനഷ്ടം/** (Net profit /Loss)
- **പ്രവർത്തന രഹിതമായ ആസ്തികൾ** (Non Performing Asset) (NPA)

## 1. ശാഖകളുടെ വിന്യാസം

1964–ൽ ഭക്ഷ്യ, കൃഷി സാമൂഹ്യ വികസന സഹകരണ മന്ത്രാലയം തയ്യാറാക്കിയ കർമ്മ പദ്ധതിയിൽ ഓരോ ജില്ലാ സഹകരണ ബാങ്കും നിക്ഷേപം സ്വരൂപിക്കുന്നതിനേക്കാൾ വായ്പകൾ കൊടുക്കുന്ന സംഘങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി താലൂക്ക് ആസ്ഥാനത്തും ചെറിയ പട്ടണങ്ങളിലും ശാഖകൾ തുറക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ശാഖകൾ രൂപീകരിച്ചതു മൂലം സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകൾ കൈവരിച്ച പുരോഗതി പട്ടിക നാലിൽ വെളിപ്പെടുത്തുന്നു. പ്രസ്തുത പട്ടിക പ്രകാരം ജില്ലാ സഹകരണ ബാങ്കുകളുടെ ശാഖകളുടെ എണ്ണം പഠനകാലയളവിൽ 709–ൽ നിന്നും 805 ആയി ഉയർന്നു. ഈ കാലയളവിൽ 13.54% വളർച്ചയാണ് കൈവരിച്ചത്. ഏറ്റവും കൂടുതൽ ശാഖാ വിപുലീകരണം നടന്നത് വയനാട്

ജില്ലയിൽ 34.61 ശതമാനവും ഏറ്റവും കുറവ് പത്തനംതിട്ട ജില്ലയിൽ 1.69 ശതമാനവുമാണ്. കോട്ടയം, ആലപ്പുഴ എന്നീ ജില്ലാ സഹകരണ ബാങ്കുകൾ 2013–14 മുതൽ 2017–18 വരെയുള്ള കാലഘട്ടത്തിൽ ഒരു ശാഖയും രൂപീകരിച്ചിട്ടില്ല. പട്ടിക 4 പ്രകാരം ശാഖാ രൂപീകരണത്തിലെ ഏറ്റവും പിന്നിൽ നിൽക്കുന്നത് പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, പാലക്കാട് എന്നീ ജില്ലാ സഹകരണ ബാങ്കുകൾ ആണെന്നു കാണുന്നു.

പട്ടിക 3

**Performance of Selected Variables of DCCBs (Consolidated) in Kerala from 2013 - 14 to 2017 - 18**

| Sl. No. | Variables | Years | | | | | |
|---|---|---|---|---|---|---|---|
| | | 2013 - 14 | 2014 - 15 | 2015 -16 | 2016 - 17 | 2017 - 18 | Growth in % |
| 1 | Number of Branches (Nos) | 709 | 751 | 784 | 804 | 805 | 13.54 |
| 2 | Deposits (Rs in Crores) | 32342.4 | 39860.36 | 52456.75 | 56829.15 | 61241.03 | 89.35 |
| 3 | Loans (Rs in Crores) | 22182.85 | 24843.66 | 27946.38 | 31544.89 | 35867.21 | 61.69 |
| 4 | Borrowings (Rs in Crores) | 1889.81 | 2582.24 | 2231.85 | 4180.69 | 4797.88 | 153.88 |
| 5 | Reserves & Provisions (Rs in Crores) | 1788.37 | 2195.22 | 2357.7 | 2620.97 | 3052.27 | 70.67 |
| 6 | Total Expenditure (Rs in Crores) | 3687.62 | 4325.02 | 5007.76 | 5807.04 | 6071.1 | 64.63 |
| 7 | Total Income (Rs in Crores) | 3816.52 | 4470.8 | 5147.49 | 5796.86 | 5864.66 | 53.67 |
| 8 | Establishment Expenses (salary) (Rs in Crores) | 332.54 | 340.59 | 505.36 | 427.49 | 463.28 | 39.22 |
| 9 | NPA (Rs in Crores) | 1950.97 | 1782.93 | 1968.62 | 2829.87 | 3457.49 | 77.21 |
| 10 | Net Profit (Rs in Crores) | 65.27 | 106.22 | 118.19 | -16.17 | -227.02 | Negative |
| 11 | CD Ratio (percentage) | 66% | 62% | 53% | 56% | 59% | -10.6 |

അവലംബം:– 1. 2013 – 14 മുതൽ 2017 – 18 വരെ കേരളത്തിലെ ജില്ലാ സഹകരണ ബാങ്കുകളുടെ ആഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്നും ലഭിച്ചത്.

2. ജില്ലാ സഹകരണ ബാങ്കുകൾ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിച്ച സ്ഥിതിവിവരകണക്കുകളിൽ നിന്നും

പട്ടിക– 4

| The Growth of Number of branches in DCCBs in Kerala for the period from 2013 - 14 to 2017 - 18 | | | | | | | |
|---|---|---|---|---|---|---|---|
| Sl. No. | Districts | Number of Branches | | | | | |
| | | 2013 - 14 (Nos) | 2014 - 15 (Nos) | 2015 -16 (Nos) | 2016 - 17 (Nos) | 2017 - 18 (Nos) | Growth in % |
| 1 | Thiruvananthapuram | 72 | 72 | 76 | 83 | 83 | 15.27 |
| 2 | Kollam | 58 | 58 | 58 | 63 | 63 | 8.62 |
| 3 | Pathanamthitta | 59 | 59 | 60 | 60 | 60 | 1.69 |
| 4 | Alappuzha | 55 | 55 | 55 | 55 | 55 | - |
| 5 | Kottayam | 59 | 59 | 59 | 59 | 59 | - |
| 6 | Idukki | 46 | 49 | 54 | 54 | 54 | 17.39 |
| 7 | Ernakulam | 53 | 59 | 62 | 65 | 65 | 22.64 |
| 8 | Thrissur | 49 | 57 | 58 | 58 | 58 | 18.37 |
| 9 | Palakkad | 43 | 44 | 44 | 45 | 45 | 4.65 |
| 10 | Malappuram | 48 | 53 | 53 | 54 | 54 | 12.5 |
| 11 | Kozhikkode | 50 | 54 | 60 | 62 | 63 | 26 |
| 12 | Wayanad | 26 | 31 | 35 | 35 | 35 | 34.61 |
| 13 | Kannur | 54 | 60 | 66 | 66 | 66 | 22.22 |
| 14 | Kasaragod | 37 | 41 | 44 | 45 | 45 | 21.62 |
| | Total | 709 | 751 | 784 | 804 | 805 | 13.54 |

അവലംബം:– 1. 2013 – 14 മുതൽ 2017 – 18 വരെ കേരളത്തിലെ ജില്ലാ സഹകരണ ബാങ്കുകളുടെ ആഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്നും ലഭിച്ചത്.
2. ജില്ലാ സഹകരണ ബാങ്കുകൾ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിച്ച സ്ഥിതിവിവരകണക്കുകളിൽ നിന്നും.

2. **നിക്ഷേപം**

ഫണ്ടുകളുടെ മുഖ്യ ഉറവിടമായതിനാൽ ഓരോ ബാങ്കിന്റെയും ജീവരക്തമാണ് നിക്ഷേപങ്ങൾ. നിക്ഷേപത്തിന്റെ വലിപ്പമാണ് ഒരു ബാങ്കിന്റെ വായ്പാ സാധ്യതയെ പ്രധാനമായും തീരുമാനിക്കുന്നത്.

പട്ടിക– 5

| Performance of Deposits in DCCBs in Kerala for the period of 2013 - 14 to 2017 - 18 | | | | | | | |
|---|---|---|---|---|---|---|---|
| Sl. No. | Districts | Deposits (Rs in Crores) | | | | | Growth In % |
| | | 2013 - 14 | 2014 - 15 | 2015 -16 | 2016 - 17 | 2017 - 18 | |
| 1 | Thiruvananthapuram | 3488.34 | 4297.28 | 5748.64 | 6529.94 | 6801.12 | 94.97 |
| 2 | Kollam | 1883.85 | 2368.8 | 3182.63 | 3805.9 | 3927.49 | 108.48 |
| 3 | Pathanamthitta | 1325.37 | 1584.86 | 2051.88 | 2245.59 | 2406.83 | 81.6 |
| 4 | Alappuzha | 1819.19 | 2082.86 | 2684.63 | 2902.06 | 3129.47 | 72.03 |
| 5 | Kottayam | 2294.21 | 2760.58 | 3698.59 | 4114.64 | 4474.44 | 95.03 |
| 6 | Idukki | 1354.29 | 1731.42 | 2049.44 | 2010.07 | 2660.1 | 96.42 |
| 7 | Ernakulam | 4774.48 | 5796.6 | 8043.81 | 8796.19 | 10460.39 | 119.08 |
| 8 | Thrissur | 3752.53 | 4528.15 | 5806.27 | 5994.34 | 6488.89 | 72.92 |
| 9 | Palakkad | 2121.12 | 2902.59 | 4148.07 | 4119.97 | 4566.11 | 115.27 |
| 10 | Malappuram | 2369.23 | 2915.66 | 3628.36 | 3698.1 | 3518.6 | 48.51 |
| 11 | Kozhikkode | 2595.55 | 2973.56 | 3703.4 | 4198.28 | 4083.16 | 57.31 |
| 12 | Wayanad | 544.74 | 677.08 | 763.69 | 827.49 | 953.98 | 75.13 |
| 13 | Kannur | 3095.93 | 4054.8 | 5419.03 | 6007.29 | 6131.71 | 98.06 |
| 14 | Kasaragod | 923.57 | 1186.12 | 1528.31 | 1579.29 | 1638.74 | 77.44 |
| | Total | 32342.4 | 39860.36 | 52456.75 | 56829.15 | 61241.03 | 89.35 |

അവലംബം:– 1. 2013–14 മുതൽ 2017–18 വരെ കേരളത്തിലെ ജില്ലാ സഹകരണ ബാങ്കുകളുടെ ആഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്നും ലഭിച്ചത്.
2. ജില്ലാ സഹകരണ ബാങ്കുകൾ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിച്ച സ്ഥിതിവിവരകണക്കുകളിൽ നിന്നും.

പഠന കാലളവിൽ കൊല്ലം (108.48 ശതമാനം), എറണാകുളം (119.08 ശതമാനം), പാലക്കാട് (115.27 ശതമാനം) എന്നീ ജില്ലാ സഹകരണ ബാങ്കുകളിൽ നിക്ഷേപ വളർച്ചാ നിരക്ക് 100 ശതമാനത്തിൽ മുകളിലായിരുന്നു. സംസ്ഥാനത്തെ മറ്റ് ജില്ലാ സഹകരണ ബാങ്കുകളുമായി താരതമ്യപ്പെടുത്തുമ്പോൾ മലപ്പുറം (48.51 ശതമാനം), കോഴിക്കോട് (57.31 ശതമാനം) എന്നീ ജില്ലാ സഹകരണ ബാങ്കുകളിൽ നിക്ഷേപ വളർച്ചാ നിരക്ക് മറ്റ് ജില്ലാ ബാങ്കുകളെ അപേക്ഷിച്ച് കുറവാണ്.

3. **വായ്പകളും മുൻകൂറുകളും**

സംസ്ഥാന സഹകരണ ബാങ്കിനും പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കും മധ്യനിരയിൽ പ്രവർത്തിക്കുന്ന സ്ഥാനമാണ് ജില്ലാ ബാങ്കുകൾ വഹിക്കുന്നത്.

പട്ടിക – 6

**Performance of Lending in DCCBs in Kerala for the period of 2013 - 14 to 2017 - 18**

| Sl. No. | Districts | Loans (Rs in Crores) | | | | | |
|---|---|---|---|---|---|---|---|
| | | 2013 - 14 | 2014 - 15 | 2015 -16 | 2016 - 17 | 2017 - 18 | Growth In % |
| 1 | Thiruvananthapuram | 2587.06 | 2694.69 | 2743.97 | 2885.55 | 2934.93 | 13.45 |
| 2 | Kollam | 1461.27 | 1503.08 | 1724.71 | 1906.5 | 2199.72 | 50.53 |
| 3 | Pathanamthitta | 970.99 | 1068.66 | 1143.68 | 1292.66 | 1345.3 | 38.55 |
| 4 | Alappuzha | 1338.56 | 1396.63 | 1455.92 | 1385.54 | 1527.54 | 14.12 |
| 5 | Kottayam | 1539.93 | 1586.2 | 1626.41 | 1816.73 | 1874.94 | 21.75 |
| 6 | Idukki | 1678.99 | 1779.03 | 1986.51 | 1976.23 | 2179.7 | 29.82 |
| 7 | Ernakulam | 2759.73 | 3306.73 | 3716.08 | 3723.26 | 4800.52 | 73.95 |
| 8 | Thrissur | 2279.33 | 2870.52 | 3298.32 | 3858.71 | 3927.7 | 72.32 |
| 9 | Palakkad | 1136.29 | 1525.76 | 1760.19 | 1909.98 | 2458.24 | 116.34 |
| 10 | Malappuram | 1725.57 | 1919.7 | 2188.2 | 2806.87 | 3317.78 | 92.27 |
| 11 | Kozhikkode | 1925.11 | 2117.42 | 2546.4 | 3118.29 | 3524.25 | 83.07 |
| 12 | Wayanad | 472.16 | 541.61 | 652.37 | 785.32 | 881.22 | 86.63 |
| 13 | Kannur | 1656.52 | 1778.42 | 2212.61 | 2927.84 | 3604.49 | 117.59 |
| 14 | Kasaragod | 651.34 | 755.21 | 891.08 | 1151.41 | 1290.88 | 98.19 |
| | Total | 22182.85 | 24843.66 | 27946.45 | 31544.89 | 35867.21 | 61.69 |

അവലംബം:– 1. 2013 – 14 മുതൽ 2017 – 18 വരെ കേരളത്തിലെ ജില്ലാ സഹകരണ ബാങ്കുകളുടെ ആഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്നും ലഭിച്ചത്.

2. ജില്ലാ സഹകരണ ബാങ്കുകൾ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിച്ച സ്ഥിതിവിവരകണക്കുകളിൽ നിന്നും.

കാർഷിക കാർഷികേതര ആവശ്യങ്ങൾക്കായി ഹ്രസ്വകാല, മധ്യകാല, ദീർഘ കാല വായ്പകൾ നൽകുന്നതിലൂടെ അംഗ സംഘങ്ങൾക്ക് ധനസഹായം നൽകുക എന്നതാണ് ജില്ലാ സഹകരണ ബാങ്കുകളുടെ പ്രാഥമിക പ്രവർത്തനം.

പട്ടിക – 7

**Details of CD Ratio of DCCBs in Kerala from 2013 - 14 to 2017 - 18**

| Sl. No. | Districts | CD Ratio (In Percentage) | | | | | |
|---|---|---|---|---|---|---|---|
| | | 2013 - 14 | 2014 - 15 | 2015 -16 | 2016 - 17 | 2017 - 18 | Average Ratio |
| 1 | Thiruvananthapuram | 69.76 | 57.35 | 47.73 | 44.19 | 43.15 | 52.44 |
| 2 | Kollam | 77.58 | 69.72 | 54.19 | 51.56 | 53.1 | 61.23 |
| 3 | Pathanamthitta | 73.26 | 67.43 | 55.74 | 57.56 | 55.9 | 61.98 |
| 4 | Alappuzha | 73.58 | 66.57 | 60.18 | 50.49 | 48.87 | 59.94 |
| 5 | Kottayam | 67.12 | 57.45 | 43.97 | 44.15 | 45.38 | 51.62 |
| 6 | Idukki | 123.98 | 102.75 | 96.93 | 95.09 | 81.94 | 100.14 |
| 7 | Ernakulam | 63.87 | 53.95 | 46.2 | 42.33 | 45.89 | 50.45 |
| 8 | Thrissur | 60.42 | 61.58 | 54.91 | 59.61 | 63.79 | 60.06 |
| 9 | Palakkad | 65.41 | 52.57 | 42.03 | 46.36 | 53.84 | 52.04 |
| 10 | Malappuram | 72.83 | 65.84 | 60.31 | 75.9 | 94.29 | 73.83 |
| 11 | Kozhikkode | 74.17 | 71.21 | 68.76 | 74.28 | 86.31 | 74.95 |
| 12 | Wayanad | 86.68 | 81.78 | 85.22 | 89.47 | 97.05 | 88.04 |
| 13 | Kannur | 53.51 | 48.17 | 40.83 | 48.74 | 58.78 | 50.01 |
| 14 | Kasaragod | 99.37 | 62.86 | 59.37 | 63.49 | 81.56 | 73.33 |
| | Mean | 68.58 | 62.32 | 53.28 | 55.51 | 58.56 | 58.65 |

അവലംബം:– 1. 2013 – 14 മുതൽ 2017 – 18 വരെ കേരളത്തിലെ ജില്ലാ സഹകരണ ബാങ്കുകളുടെ ആഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്നും ലഭിച്ചത്.
2. ജില്ലാ സഹകരണ ബാങ്കുകൾ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിച്ച സ്ഥിതിവിവരകണക്കുകളിൽ നിന്നും.

ജില്ലകളിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക സഹകരണ സംഘം വഴിയാണ് വായ്പക്കാർക്ക് വായ്പകൾ നൽകുന്നത്. സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകൾ വിതരണം ചെയ്ത മൊത്തം വായ്പകളുടെയും മുൻകൂറുകളുടെയും അളവും പഠനകാലയളവിലെ വളർച്ചയും പട്ടിക 6–ൽ പ്രതിപാദിക്കുന്നു. മേൽപ്പറഞ്ഞ പട്ടികയിൽ

നിന്നും സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളുടെ മൊത്തം വായ്പകളും അഡ്വാൻസുകളും 2013-14 മുതൽ 2017-18 വരെയുള്ള കാലയളവിൽ 22182.85 കോടിയിൽ നിന്ന് 35867.21 കോടി രൂപയായി ഉയർന്നിട്ടുണ്ട്. വളർച്ചാ നിരക്ക് 61.69 ശതമാനം ആയിരുന്നു. പാലക്കാട് (116.34 ശതമാനം), കണ്ണൂർ (117.59 ശതമാനം), കാസർഗോഡ് (98.19 ശതമാനം), മലപ്പുറം (92.27 ശതമാനം), വയനാട് (86.63 ശതമാനം), കോഴിക്കോട് (83.07ശതമാനം), എറണാകുളം (73.95 ശതമാനം), തൃശ്ശൂർ (72.32 ശതമാനം). ജില്ലാ സഹകരണ ബാങ്കുകൾ വായ്പയും അഡ്വാൻസും വിതരണം ചെയ്യുന്നതിൽ മികച്ച പ്രകടനം കാഴ്ച വച്ചു. എന്നാൽ തിരുവനന്തപുരം, ആലപ്പുഴ ജില്ലാ സഹകരണ ബാങ്കുകളിലെ പ്രകടനം വളരെ മെച്ചമായിരുന്നില്ല.

2013-14 മുതൽ 2017-18 വരെയുള്ള കാലയളവിലെ സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളുടെ വായ്പ-നിക്ഷേപ അനുപാതം പട്ടിക 7 ൽ കാണിക്കുന്നു. പഠനകാലയളവിൽ സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളുടെ വായ്പ-നിക്ഷേപ അനുപാതം 68.58 ശതമാനത്തിൽ നിന്ന് 58.56 ശതമാനമായി കുറഞ്ഞുവെന്ന് പട്ടികയിൽ നിന്ന് വ്യക്തമാണ്. ഈ കാലയളവിൽ ശരാശരി അനുപാതം 58.65 ശതമാനമായിരുന്നു. ഇടുക്കി (100.14 ശതമാനം) മലപ്പുറം(73.83 ശതമാനം) കോഴിക്കോട്(74.95 ശതമാനം) വയനാട് (88.04 ശതമാനം) കാസർഗോഡ്(73.33 ശതമാനം) എന്നിവ വായ്പ- നിക്ഷേപ അനുപാതത്തിൽ മികച്ച പ്രകടനം കാഴ്ചവച്ച ജില്ലാ സഹകരണ ബാങ്കുകളാണ്. തിരുവനന്തപുരം (52.44 ശതമാനം) കോട്ടയം (51.62 ശതമാനം) എറണാകുളം (50.45 ശതമാനം) പാലക്കാട് (52.04 ശതമാനം) കണ്ണൂർ (50.01 ശതമാനം) എന്നീ ജില്ലാ സഹകരണ ബാങ്കുകൾ വായ്പ-നിക്ഷേപ അനുപാദത്തിൽ കുറഞ്ഞ വളർച്ചാ നിരക്കാണ് കാണിക്കുന്നത്.

### 4. കടംവാങ്ങൽ

വളർന്നു വരുന്ന വായ്പാ ആവശ്യങ്ങൾ പരിഹരിക്കുന്നതിനായി സഹകരണ ബാങ്കുകൾ കടം വാങ്ങിയെടുക്കുന്ന മൂലധനത്തെ ആശ്രയിക്കുന്നത് പരമാവധി കുറച്ചു കൊണ്ട് എല്ലാ സഹകരണ ബാങ്കുകളും അവർക്കായി ഒരു തനത് ഫണ്ട് രൂപീകരിക്കേണ്ടതാണ്. സ്വന്തം ഫണ്ടുകൾക്കും നിക്ഷേപങ്ങൾക്കും പുറമേ കേരള സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും മറ്റ് വാണിജ്യബാങ്കുകൾ വഴിയും നബാർഡിൽ നിന്നും വായ്പയെടുത്തും ജില്ലാ സഹകരണ ബാങ്കുകൾ ഫണ്ട് സ്വരൂപിക്കുന്നു. 2013-14 മുതൽ 2017-18 വരെയുള്ള കാലയളവിൽ ജില്ലാ സഹകരണ ബാങ്കുകളുടെ വായ്പകൾ പട്ടിക 8-ൽ വെളിപ്പെടുത്തുന്നു. പട്ടിക 8-ൽ നിന്ന് സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളുടെ മൊത്തം വായ്പയിൽ ഏറ്റക്കുറവുകളുണ്ടെന്ന് അനുമാനിക്കാം. മുകളിൽ

പറഞ്ഞ കാലയളവിൽ സഹകരണ ബാങ്കുകളുടെ മൊത്തം വായ്പകൾ 1889.81 കോടിയിൽ നിന്ന് 4797.88 കോടി രൂപയായി ഉയർന്നു.

പട്ടിക – 8

**Growth of Borrowings of DCCBs in Kerala for the period of 2013 - 14 to 2017 - 18**

| Sl. No. | Districts | Borrowings (Rs in Crores) | | | | | |
|---|---|---|---|---|---|---|---|
| | | 2013 - 14 | 2014 - 15 | 2015 -16 | 2016 - 17 | 2017 - 18 | Average (Rs in crores) |
| 1 | Thiruvananthapuram | 153.53 | 280.17 | 140.97 | 216.06 | 135.19 | 185.18 |
| 2 | Kollam | 54.19 | 82.93 | 89.08 | 99.32 | 135.75 | 92.25 |
| 3 | Pathanamthitta | 38.22 | 124.86 | 90.83 | 239.59 | 114.05 | 121.51 |
| 4 | Alappuzha | 102.28 | 242.08 | 194.23 | 280.63 | 332.98 | 230.44 |
| 5 | Kottayam | 27.68 | 94.22 | 72.24 | 106.06 | 128.88 | 85.82 |
| 6 | Idukki | 558.76 | 320.74 | 428.92 | 695.36 | 772.16 | 555.19 |
| 7 | Ernakulam | 36.2 | 326.46 | 115.61 | 210.28 | 167.29 | 171.17 |
| 8 | Thrissur | 19.68 | 133.46 | 200.74 | 479.23 | 439.4 | 254.5 |
| 9 | Palakkad | 93 | 149 | 118.08 | 175.09 | 119.93 | 131.02 |
| 10 | Malappuram | 51.53 | 81.34 | 75.34 | 283.31 | 649.08 | 228.12 |
| 11 | Kozhikkode | 430.28 | 307.03 | 352.56 | 796.77 | 946.35 | 566.6 |
| 12 | Wayanad | 115.79 | 124.83 | 142.62 | 249.41 | 370.81 | 200.69 |
| 13 | Kannur | 135.12 | 200.94 | 113.25 | 166.32 | 224.4 | 168.01 |
| 14 | Kasaragod | 73.55 | 114.18 | 97.38 | 183.26 | 261.61 | 145.99 |
| | Total | 1889.81 | 2582.24 | 2231.85 | 4180.69 | 4797.88 | 3136.49 |

അവലംബം:– 1. 2013 – 14 മുതൽ 2017 – 18 വരെ കേരളത്തിലെ ജില്ലാ സഹകരണ ബാങ്കുകളുടെ ആഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്നും ലഭിച്ചത്.
2. ജില്ലാ സഹകരണ ബാങ്കുകൾ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിച്ച സ്ഥിതിവിവരകണക്കുകളിൽ നിന്നും.

പഠന കാലയളവിൽ ഏറ്റവും കൂടുതൽ വായ്പയെടുത്തത് ഇടുക്കി (ശരാശരി 555.19 കോടി), കോഴിക്കോട് (ശരാശരി 566.6കോടി) എന്നീ ജില്ലാ സഹകരണ ബാങ്കുകളും ഏറ്റവും കുറവ് വായ്പയെടുത്തത് കോട്ടയം, കൊല്ലം ജില്ലാ സഹകരണ ബാങ്കുകളും ആയിരുന്നു.

വായ്പകളും അഡ്വാൻസുകളും അനുവദിക്കുന്നതിലെ മികച്ച പ്രകടനം കാരണം ചില സഹകരണ ബാങ്കുകളുടെ വായ്പകൾ പഠന കാലയിളവിൽ വർദ്ധിച്ചിതായി കാണുന്നു.

### 5. കരുതലുകളും വ്യവസ്ഥകളും

അടിയന്തരഘട്ടങ്ങൾ നേരിടുന്നതിനോ സ്വയാശ്രയം പുലർത്തു ന്നതിനോ റിസർവ് ഫണ്ടുകൾ നിലനിർത്തേണ്ടത് അത്യാവശ്യമാണ്. നിയമപരമായ കരുതൽ, അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സ്റ്റബിലൈസേഷൻ ഫണ്ട്, ബിൽഡിംഗ് ഫണ്ട്, ഡിവിഡന്റ് ഇക്വലൈസേഷൻ ഫണ്ട്, സംശയാസ്പദമായ കടങ്ങൾ എന്നിവ റിസർവുകളിൽ ഉൾപ്പെടുന്നു. 2013-14 മുതൽ 2017-18 വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളുടെ മൊത്തം കരുതൽ ധനത്തിന്റെ വളർച്ച പട്ടിക 9 ൽ കാണിക്കുന്നു. പട്ടിക പ്രകാരം സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളുടെ കരുതൽ ധനം 2013-14 ൽ 1788.37 കോടി രൂപയായിരുന്നു. ഇത് 2017-18 ൽ 3052.27 കോടി രൂപയായി ഉയർന്നു. അഞ്ചു വർഷത്തിനിടെ 70.67 ശതമാനം വളർച്ചയാണ് ഇത് കാണിക്കുന്നത്. തിരുവനന്തപുരം (243.24 ശതമാനം), ആലപ്പുഴ (174.91 ശതമാനം), തൃശ്ശൂർ (138.71 ശതമാനം) എന്നീ ജില്ലാ സഹകരണ ബാങ്കുകളുടെ വളർച്ച വളരെ ഉയർന്നതാണെന്ന് ജില്ല തിരിച്ചുള്ള ഫലങ്ങൾ വ്യക്തമാക്കുന്നു. ഏറ്റവും കുറഞ്ഞ വളർച്ച കാണിക്കുന്നത് കോട്ടയം ജില്ലാ സഹകരണ ബാങ്കാണ്(24.66 ശതമാനം).

പട്ടിക – 9

| Sl. No. | Districts | Growth of Reserves & Provisions in DCCBs in Kerala from 2013 - 14 to 2017 - 18<br>Reserves & Provisions (Rs in Crores) | | | | | |
|---|---|---|---|---|---|---|---|
| | | 2013 - 14 | 2014 - 15 | 2015 -16 | 2016 - 17 | 2017 - 18 | Growth In % |
| 1 | Thiruvananthapuram | 176.23 | 241.54 | 281.79 | 428.61 | 604.9 | 243.24 |
| 2 | Kollam | 166.68 | 191.91 | 212.71 | 230.26 | 250.31 | 50.17 |
| 3 | Pathanamthitta | 44.97 | 64.68 | 65.13 | 74.27 | 87.24 | 93.99 |
| 4 | Alappuzha | 42.57 | 100.4 | 100.29 | 109.69 | 117.03 | 174.91 |
| 5 | Kottayam | 94.46 | 100.69 | 96.1 | 107.08 | 117.75 | 24.66 |
| 6 | Idukki | 77.49 | 103.57 | 124.73 | 137.87 | 153.48 | 98.06 |
| 7 | Ernakulam | 371.63 | 433.64 | 439.76 | 465.32 | 497.17 | 33.78 |
| 8 | Thrissur | 95.09 | 192.67 | 169.11 | 240.51 | 226.99 | 138.71 |
| 9 | Palakkad | 160.11 | 153.95 | 160.06 | 148.5 | 232.4 | 45.15 |
| 10 | Malappuram | 139.09 | 169.69 | 151.06 | 162.73 | 195.11 | 40.28 |
| 11 | Kozhikkode | 167.97 | 173.78 | 209.23 | 186.48 | 218.39 | 30.01 |
| 12 | Wayanad | 35.05 | 38.58 | 57.7 | 53.49 | 53.1 | 51.5 |
| 13 | Kannur | 156.58 | 163.78 | 232.75 | 203.82 | 217.84 | 39.12 |
| 14 | Kasaragod | 60.45 | 66.34 | 57.28 | 72.34 | 80.56 | 33.27 |
| | Total | 1788.37 | 2195.22 | 2357.7 | 2620.97 | 3052.27 | 70.67 |

അവലംബം:– 1. 2013 – 14 മുതൽ 2017 – 18 വരെ കേരളത്തിലെ ജില്ലാ സഹകരണ ബാങ്കുകളുടെ ആഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്നും ലഭിച്ചത്.
2. ജില്ലാ സഹകരണ ബാങ്കുകൾ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിച്ച സ്ഥിതിവിവരകണക്കുകളിൽ നിന്നും.

## 6. വരുമാനം

ഏതൊരു സ്ഥാപനത്തിന്റെയും പ്രധാന ലക്ഷ്യം അതിന്റെ ലാഭം വർദ്ധിപ്പിക്കുക എന്നതാണ്. വരുമാനം ഉയർന്ന നിലവാരത്തിലാണെങ്കിൽ മാത്രമേ ലാഭം വർദ്ധിപ്പിക്കാൻ കഴിയൂ.

പട്ടിക 10

| Details of Total income of DCCBs in Kerala for the period of 2013 - 14 to 2017 - 18 | | | | | | | |
|---|---|---|---|---|---|---|---|
| Sl. No. | Districts | Total Income (Rs in Crores) | | | | | |
| | | 2013 - 14 | 2014 - 15 | 2015 -16 | 2016 - 17 | 2017 - 18 | Growth In % |
| 1 | Thiruvananthapuram | 458.91 | 586.27 | 559.97 | 594.64 | 513.14 | 11.82 |
| 2 | Kollam | 298.15 | 273.15 | 340.13 | 383.96 | 402 | 34.83 |
| 3 | Pathanamthitta | 159.94 | 178.69 | 221.34 | 242.59 | 256.07 | 60.1 |
| 4 | Alappuzha | 200.44 | 227.21 | 275.08 | 301.87 | 304.18 | 51.76 |
| 5 | Kottayam | 199.02 | 331.1 | 355.58 | 390.27 | 407.55 | 104.78 |
| 6 | Idukki | 218.05 | 243.15 | 266.66 | 299.15 | 310.18 | 42.25 |
| 7 | Ernakulam | 621.8 | 544.35 | 675.29 | 836.21 | 821.29 | 32.08 |
| 8 | Thrissur | 356.1 | 474.96 | 583.2 | 677.32 | 678.46 | 90.52 |
| 9 | Palakkad | 252.56 | 349.09 | 382.9 | 405.64 | 404.91 | 60.32 |
| 10 | Malappuram | 252.88 | 293.3 | 346.31 | 382.25 | 417.09 | 64.94 |
| 11 | Kozhikkode | 294.56 | 358.48 | 404.22 | 431.74 | 491.66 | 66.91 |
| 12 | Wayanad | 73.87 | 80.64 | 95.07 | 102.04 | 116.4 | 57.57 |
| 13 | Kannur | 317.17 | 408.43 | 495.87 | 581.9 | 571.52 | 80.19 |
| 14 | Kasaragod | 113.07 | 121.98 | 145.87 | 167.28 | 170.21 | 50.53 |
| | Total | 3816.52 | 4470.8 | 5147.49 | 5796.86 | 5864.66 | 53.67 |

അവലംബം:– 1. 2013 – 14 മുതൽ 2017 – 18 വരെ കേരളത്തിലെ ജില്ലാ സഹകരണ ബാങ്കുകളുടെ ആഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്നും ലഭിച്ചത്.
2. ജില്ലാ സഹകരണ ബാങ്കുകൾ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിച്ച സ്ഥിതിവിവരകണക്കുകളിൽ നിന്നും.

വിവിധ സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന പലിശയാണ് ഏതൊരു ബാങ്കിന്റെയും പ്രധാന വരുമാനം. വായ്പക്കാരിൽ നിന്നും ലഭിക്കുന്ന പലിശ കൂടാതെ മറ്റ് ധനകാര്യ സേവനങ്ങൾ നൽകുന്നതിലൂടെ ലഭിക്കുന്ന കമ്മീഷൻ, ഫീസ്, ബാങ്ക് ചാർജ്ജുകൾ എന്നീ വരുമാന മാർഗ്ഗങ്ങളും ഒരു ബാങ്കിനുണ്ട്. പട്ടിക 10 ൽ നിന്നും അനുമാനിക്കുന്നത് ജില്ലാ സഹകരണ ബാങ്കുകളുടെ ആകെ വരുമാനം 2013–14 ൽ 3816.52 കോടി രൂപയിൽ നിന്നും 2017–18ൽ 5864.66 കോടി രൂപയായി ഉയർന്നു. പഠന കാലയളവിൽ ഇത് 53.67 ശതമാനം വർദ്ധനവാണ് കാണിക്കുന്നത്. ജില്ലാതല വിശകലനം കാണിക്കുന്നത് ഏറ്റവും ഉയർന്ന വളർച്ച കോട്ടയം ജില്ലാ സഹകരണ ബാങ്കിലും ഏറ്റവും താഴ്ന്ന വളർച്ചാ നിരക്ക്

തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിലുമാണ്. സംസ്ഥാന വളർച്ചാ നിരക്കിനെ അപേക്ഷിച്ച് തിരുവനന്തപുരം (11.82 ശതമാനം), കൊല്ലം (34.8 ശതമാനം) ആലപ്പുഴ (51.76 ശതമാനം) ഇടുക്കി (42.25 ശതമാനം), എറണാകുളം (32.08 ശതമാനം), കാസർഗോഡ് (50.53 ശതമാനം) എന്നീ ജില്ലാ സഹകരണ ബാങ്കുകൾ ശരാശരിയെക്കാൾ താഴ്ന്ന വളർച്ചാ നിരക്കാണ് കാണിക്കുന്നത്.

7. ചെലവ്:

ബാങ്കിംഗ് എന്നത് ഒരു വ്യക്തിഗത സേവന മേഖലയായതിനാൽ ബാങ്കിന്റെ അറ്റലാഭം കണക്കാക്കുന്നതിലുള്ള ഏറ്റവും പ്രധാന ഘടകമാണ് ചെലവിനങ്ങൾ. നിക്ഷേപങ്ങളുടെയും വായ്പകളുടെയും, പലിശ, സ്ഥാപന ചെലവുകൾ, നിലവിലുള്ളതും അല്ലാത്തതുമായ മറ്റ് ചെലവുകൾ എന്നിവയാണ് ബാങ്ക് ചെലവുകളുടെ പ്രാധാന ഘടകങ്ങൾ. പട്ടിക 11 ൽ– നിന്ന് അനുമാനിക്കുന്നത് സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളുടെ മൊത്തം ചെലവ് 2013–14 ൽ 3687.62 കോടി രൂപയിൽ നിന്നും 2017–18 ൽ 6071.1 കോടി രൂപയായി വർദ്ധിച്ച എന്നാണ്. അഞ്ച് വർഷത്തിനിടെ 64.63 ശതമാനം വളർച്ചയാണ് ഇത് കാണിക്കുന്നത്. ജില്ലാ തല ഫലങ്ങൾ വെളിപ്പെടുത്തുന്നത് ഏറ്റവും ഉയർന്ന വർദ്ധനവ് കോട്ടയം ജില്ലാ സഹകരണ ബാങ്കിലും(122.89 ശതമാനം) ഏറ്റവും താഴ്ന്ന വർദ്ധനവ് കൊല്ലം ജില്ലാ സഹകരണ ബാങ്കിലും (32.74 ശതമാനം). മറ്റ് ജില്ലാ സഹകരണ ബാങ്കുകളിൽ തിരുവനന്തപുരം (92.19 ശതമാനം) തൃശ്ശൂർ (92.8 ശതമാനം). കണ്ണൂർ (83.19 ശതമാനം) എന്നിവയിൽ മേൽപ്പറഞ്ഞ കാലഘട്ടത്തിൽ ചെലവ് വർദ്ധിച്ചതായി കാണുന്നു. 2013–14 മുതൽ 2017–18 വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളുടെ വരവ്–ചെലവ് അനുപാതം പട്ടിക 12 ൽ കാണിക്കുന്നു. പ്രസ്തുത പട്ടിക പ്രകാരം തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് ഒഴികെ സംസ്ഥാനത്തെ എല്ലാ ജില്ലാ സഹകരണ ബാങ്കുകളും ചെലവിനെക്കാൾ കൂടുതൽ വരുമാനം എന്ന ഫലത്തെയാണ് കാണിക്കുന്നത് എന്നാൽ തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന്റെ (2017–18) അനുപാതമായ 58.65 ശതമാനം എന്നത് കാണിക്കുന്നത് വരുമാനത്തെക്കാൾ കൂടിയ ചെലവാണ് എന്നതാണ്. ഏറ്റവും ഉയർന്ന അനുപാതം ഇടുക്കി (108.44 ശതമാനം), കോഴിക്കോട് (107.68 ശതമാനം) ജില്ലാ സഹകരണ ബാങ്കുകളിലാണ്.

പട്ടിക – 11

| Details of Total Expenditure of DCCBs in Kerala for the period of 2013 - 14 to 2017 - 18 | | | | | | | |
|---|---|---|---|---|---|---|---|
| Sl. No. | Districts | Total Expenditure (Rs in Crores) | | | | | |
| | | 2013 - 14 | 2014 - 15 | 2015 -16 | 2016 - 17 | 2017 - 18 | Growth In % |
| 1 | Thiruvananthapuram | 455.54 | 576.06 | 552.19 | 725.99 | 875.49 | 92.19 |
| 2 | Kollam | 289.64 | 247.39 | 313.18 | 365.86 | 384.47 | 32.74 |
| 3 | Pathanamthitta | 157.4 | 174.9 | 217.48 | 238.09 | 251.28 | 59.64 |
| 4 | Alappuzha | 182.09 | 222.15 | 267.83 | 297.24 | 300.17 | 64.59 |
| 5 | Kottayam | 182.56 | 315.53 | 341.96 | 388 | 406.44 | 122.89 |
| 6 | Idukki | 203.58 | 219.08 | 243.46 | 266.72 | 286.05 | 40.51 |
| 7 | Ernakulam | 594.73 | 538.38 | 667.32 | 816.59 | 804.54 | 35.28 |
| 8 | Thrissur | 349.22 | 465.09 | 580.43 | 675.93 | 673.29 | 92.8 |
| 9 | Palakkad | 251.33 | 344.52 | 378.07 | 404.41 | 384.9 | 53.14 |
| 10 | Malappuram | 248.6 | 284.71 | 337.77 | 373.08 | 401.16 | 61.37 |
| 11 | Kozhikkode | 280.71 | 336.78 | 380.2 | 410.9 | 456.35 | 62.57 |
| 12 | Wayanad | 71.07 | 78.76 | 92.55 | 98.85 | 111.09 | 56.31 |
| 13 | Kannur | 310.83 | 401.86 | 491.71 | 579.79 | 569.41 | 83.19 |
| 14 | Kasaragod | 110.32 | 119.81 | 143.61 | 165.59 | 166.46 | 50.89 |
| | Total | 3687.62 | 4325.02 | 5007.76 | 5807.04 | 6071.1 | 64.63 |

അവലംബം:– 1. 2013 – 14 മുതൽ 2017 – 18 വരെ കേരളത്തിലെ ജില്ലാ സഹകരണ ബാങ്കുകളുടെ ആഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്നും ലഭിച്ചത്.
2. ജില്ലാ സഹകരണ ബാങ്കുകൾ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിച്ച സ്ഥിതിവിവരകണക്കുകളിൽ നിന്നും.

പട്ടിക – 12

| Ratio of Income to Expenditure in DCCBs from 2013 - 14 to 2017 - 18 | | | | | | |
|---|---|---|---|---|---|---|
| Sl. No. | DCBs | Years (in percentage) | | | | |
| | | 2013 - 14 | 2014 - 15 | 2015 -16 | 2016 - 17 | 2017 - 18 |
| 1 | Thiruvananthapuram | 100.86 | 101.77 | 101.4 | 82.02 | 58.65 |
| 2 | Kollam | 102.94 | 110.41 | 108.61 | 104.95 | 104.56 |
| 3 | Pathanamthitta | 101.61 | 102.16 | 101.77 | 101.89 | 101.91 |
| 4 | Alappuzha | 110.08 | 102.28 | 102.71 | 101.56 | 101.34 |
| 5 | Kottayam | 109.01 | 104.93 | 103.98 | 100.58 | 100.27 |
| 6 | Idukki | 107.1 | 110.98 | 109.53 | 112.16 | 108.44 |
| 7 | Ernakulam | 104.55 | 101.11 | 101.19 | 102.45 | 102.11 |
| 8 | Thrissur | 102.01 | 101.94 | 100.52 | 100.3 | 100.74 |
| 9 | Palakkad | 100.39 | 101.45 | 101.06 | 100.25 | 105.21 |
| 10 | Malappuram | 101.61 | 103.17 | 102.67 | 102.41 | 103.99 |
| 11 | Kozhikkode | 105 | 106.55 | 106.31 | 105.12 | 107.68 |
| 12 | Wayanad | 102.81 | 102.56 | 103.26 | 104.08 | 104.5 |
| 13 | Kannur | 102.26 | 101.75 | 100.81 | 100.35 | 100.35 |
| 14 | Kasaragod | 102.72 | 101.68 | 101.4 | 101.21 | 102.41 |

അവലംബം:– 1. 2013 – 14 മുതൽ 2017 – 18 വരെ കേരളത്തിലെ ജില്ലാ സഹകരണ ബാങ്കുകളുടെ ആഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്നും ലഭിച്ചത്.
2. ജില്ലാ സഹകരണ ബാങ്കുകൾ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിച്ച സ്ഥിതിവിവരകണക്കുകളിൽ നിന്നും.

## 8. സ്ഥാപന ചെലവുകൾ

ഒരു മാനേജ്മെന്റിന്റെ കഴിവ് രണ്ട് തരത്തിൽ വിലയിരുത്താം. ഒന്ന് കാര്യക്ഷമമായ നിക്ഷേപത്തിലൂടെയും ധനകാര്യ തീരുമാനങ്ങളിലൂടെയും വരുമാനം ഉണ്ടാക്കാനുള്ള കഴിവ്. മറ്റൊന്ന് ചെലവ് നിയന്ത്രിക്കുക എന്നത്. വരുമാനം വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങളിൽ മാനേജ്മെന്റിന്റെ തലവൻമാർക്ക് പ്രധാന ഉപകരണമായി ചെലവ് നിയന്ത്രണം അംഗീകരിക്കാം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ചെലവ് നിയന്ത്രിക്കുന്നതു വഴി ഒരു പരിധിവരെ അവർക്ക് ലാഭം വർദ്ധിപ്പിക്കാൻ കഴിയും എന്നതാണ്. ബാങ്ക് മാനേജ്മെന്റിന്റെ കാര്യക്ഷമത വിലയിരുത്തുന്ന സൂചകമാണ് അറ്റലാഭത്തിന്റെ എത്ര ശതമാനമാണ് ജീവനക്കാരുടെ ചെലവ് എന്ന കണക്ക്.

മാനേജർ, സ്റ്റാഫ് ഉൾപ്പെടെയുള്ള ജീവനക്കാർക്ക് ശമ്പളവും, അലവൻസുകളും, ആനുകൂല്യങ്ങളും സ്റ്റാഫ് കോസ്റ്റ് സൂചിപ്പിക്കുന്നു. പഠന കാലയളവിൽ ജില്ലാ സഹകരണ ബാങ്കുകളുടെ സ്ഥാപന ചെലവുകളുടെ ശതമാനത്തിലെ വളർച്ച പട്ടിക 13 ൽ കാണിക്കുന്നു. പ്രസ്തുത പട്ടിക പ്രകാരം സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളുടെ

സ്ഥാപന ചെലവ് 2013–14 ലെ 332.54 കോടി രൂപയിൽ നിന്ന് 2017–18 കാലയളവിൽ 463.28 കോടി രൂപയായി ഉയർന്നു.

പട്ടിക 13

**Details of Establishment Expenses (salary) DCCBs in Kerala for the period of 2013 - 14 to 2017 - 18**

| Sl. No. | Districts | Establishment Expenses - Salary (Rs in Crores) | | | | | |
|---|---|---|---|---|---|---|---|
| | | 2013 - 14 | 2014 - 15 | 2015 -16 | 2016 - 17 | 2017 - 18 | Growth In % |
| 1 | Thiruvananthapuram | 39.34 | 37.99 | 55.88 | 47.26 | 51.63 | 31.24 |
| 2 | Kollam | 27.3 | 28.6 | 42.24 | 35.38 | 35.53 | 30.14 |
| 3 | Pathanamthitta | 22.58 | 20.91 | 35.22 | 29.4 | 31.6 | 39.95 |
| 4 | Alappuzha | 21.45 | 21.89 | 33.21 | 25.8 | 27.81 | 29.65 |
| 5 | Kottayam | 26.26 | 25.45 | 37.22 | 29.29 | 30.94 | 17.82 |
| 6 | Idukki | 17.11 | 19.16 | 28.41 | 26.02 | 27.1 | 58.39 |
| 7 | Ernakulam | 27.58 | 28.73 | 38 | 32.93 | 36.67 | 32.95 |
| 8 | Thrissur | 26.47 | 28.51 | 41.6 | 33.92 | 33.3 | 25.8 |
| 9 | Palakkad | 15.46 | 16.59 | 28.46 | 25.95 | 27 | 74.64 |
| 10 | Malappuram | 22.88 | 24.32 | 37.58 | 29.17 | 32.9 | 43.79 |
| 11 | Kozhikkode | 25.17 | 26.43 | 37.46 | 36.33 | 38.84 | 54.31 |
| 12 | Wayanad | 8.72 | 9.67 | 16.3 | 13.3 | 15.3 | 75.46 |
| 13 | Kannur | 35.8 | 35.05 | 50.65 | 41.16 | 51.7 | 44.41 |
| 14 | Kasaragod | 16.42 | 17.29 | 23.13 | 21.58 | 22.96 | 39.83 |
| | Total | 332.54 | 340.59 | 505.36 | 427.49 | 463.28 | 39.32 |

അവലംബം:– 1. 2013 – 14 മുതൽ 2017 – 18 വരെ കേരളത്തിലെ ജില്ലാ സഹകരണ ബാങ്കുകളുടെ ആഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്നും ലഭിച്ചത്.
2. ജില്ലാ സഹകരണ ബാങ്കുകൾ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിച്ച സ്ഥിതിവിവരകണക്കുകളിൽ നിന്നും.

അഞ്ച് വർഷത്തിനിടെ 39.32 ശതമാനം വർദ്ധനവാണ് ഇത് കാണിക്കുന്നത്. ജില്ല തിരിച്ചുള്ള വിശദീകരണം കാണിക്കുന്നത് ഏറ്റവും കൂടുതൽ വയനാട് ജില്ലാ സഹകരണ ബാങ്ക് (75.46 ശതമാനം), പാലക്കാട് ജില്ലാ സഹകരണ ബാങ്ക് (74.64 ശതമാനം) എന്നിങ്ങനെയാണ്. ഏറ്റവും കുറഞ്ഞ വർദ്ധനവ് നിരക്ക് രേഖപ്പെടുത്തിയിരിക്കുന്നത്

പട്ടിക 14

| Ratio of Establishment Expenditure to total Expenditure of DCCBs from 2013 - 14 to 2017 - 18 | | | | | | |
|---|---|---|---|---|---|---|
| Sl. No. | DCBs | Years (in percentage) | | | | |
| | | 2013 - 14 | 2014 - 15 | 2015 -16 | 2016 - 17 | 2017 - 18 |
| 1 | Thiruvananthapuram | 8.64 | 6.6 | 9.96 | 6.49 | 5.83 |
| 2 | Kollam | 9.34 | 11.34 | 13.41 | 9.58 | 9.11 |
| 3 | Pathanamthitta | 14.01 | 12.06 | 16.13 | 12.18 | 12.35 |
| 4 | Alappuzha | 11.54 | 9.46 | 12.36 | 9.89 | 9.26 |
| 5 | Kottayam | 14.38 | 8.06 | 10.88 | 7.55 | 7.61 |
| 6 | Idukki | 8.37 | 8.68 | 11.67 | 9.75 | 9.48 |
| 7 | Ernakulam | 4.64 | 5.34 | 5.69 | 4.03 | 4.56 |
| 8 | Thrissur | 7.58 | 6.13 | 7.17 | 5.01 | 4.95 |
| 9 | Palakkad | 6.15 | 4.82 | 7.53 | 6.42 | 7.01 |
| 10 | Malappuram | 9.2 | 8.54 | 11.13 | 7.82 | 8.19 |
| 11 | Kozhikkode | 8.97 | 7.85 | 9.85 | 8.84 | 8.51 |
| 12 | Wayanad | 12.27 | 12.28 | 17.61 | 13.46 | 13.77 |
| 13 | Kannur | 11.52 | 8.72 | 10.3 | 7.09 | 9.07 |
| 14 | Kasaragod | 14.88 | 14.43 | 16.1 | 13.03 | 13.79 |
| | Total | 9.01 | 7.86 | 10.09 | 7.35 | 7.63 |

അവലംബം:- 1. 2013 – 14 മുതൽ 2017 – 18 വരെ കേരളത്തിലെ ജില്ലാ സഹകരണ ബാങ്കുകളുടെ ആഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്നും ലഭിച്ചത്.
2. ജില്ലാ സഹകരണ ബാങ്കുകൾ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിച്ച സ്ഥിതിവിവരകണക്കുകളിൽ നിന്നും.

കോട്ടയം ജില്ലാ സഹകരണ ബാങ്കിലാണ്(17.82 ശതമാനം). കൂടാതെ പട്ടിക 14 ൽ നിന്നും അനുമാനിക്കുന്നത് ജില്ലാ സഹകരണ ബാങ്കുകളുടെ മൊത്തം ചെലവ് കൂടിയ അനുപാതം 2013–14 ൽ 9.01 ശതമാനത്തിൽ നിന്നും 2017–18 ൽ 7.63 ശതമാനമായി കുറഞ്ഞു. സംസ്ഥാനത്തെ മറ്റ് ജില്ലാ സഹകരണ ബാങ്കുകളെക്കാൾ ഉയർന്ന അനുപാതമാണ് പത്തനംതിട്ട, വയനാട്, കാസർഗോഡ് ജില്ലാ സഹകരണ ബാങ്കുകൾ കാണിക്കുന്നത്. ഏറ്റവും താഴ്ന്ന അനുപാതം എറണാകുളം ജില്ലാ സഹകരണ ബാങ്ക് (4.56 ശതമാനം) ആണെന്ന് പട്ടികയിൽ നിന്നും വ്യക്തമാകുന്നു.

## 9. അറ്റലാഭം/നഷ്ടം.

സ്ഥാപനങ്ങൾക്ക് ഉണ്ടായ ലാഭ/നഷ്ടത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ സഹകരണ ബാങ്കുകളുടെ പ്രകടനം വിലയിരുത്താൻ കഴിയും. ഒരു സ്ഥാപനത്തിന്റെ പ്രവർത്തനത്തിന്റെ അന്തിമ അളവു കോലാണ് അറ്റാദായം. ഇത് പ്രവർത്തനങ്ങളുടെ ഫലം പ്രതിഫലിപ്പിക്കുകയും ഒരു വർഷം ഉണ്ടായിട്ടുള്ള ചെലവിനെ അപേക്ഷിച്ച് അതേ വർഷം നേടിയെടുത്ത വരവ് എത്ര ശതമാനം വർദ്ധിച്ചു എന്ന് കാണിക്കുകയും ചെയ്യുന്നു. ഭാവി വികസന പ്രവർത്തനങ്ങൾക്ക് ലാഭം ആവശ്യമാണ്. ഭാവിയിലെ ആകസ്മിക ചെലവുകൾ നിറവേറ്റുന്നതിനുള്ള ഒരു കരുതലായും ഇത് പ്രവർത്തിക്കുന്നു. സംസ്ഥാനത്ത് പഠനകാലയളവിൽ ജില്ലാ സഹകരണ ബാങ്കുകൾ നേടിയ ലാഭത്തിൽ ഏറ്റകുറച്ചിലുകൾ കാണിക്കുന്നുണ്ട്. പട്ടിക 15 അനുസരിച്ച് ജില്ലാ സഹകരണ ബാങ്കുകൾ നേടിയ ലാഭം 2013-14 ൽ 65.27 കോടി രൂപയായിരുന്നു. ഇത് 2017-18 ൽ 227.02 കോടി രൂപയുടെ നഷ്ടമായി കുറഞ്ഞു. തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് ഒഴികെ 2017-18 കാലയളവിൽ എല്ലാ ജില്ലാ സഹകരണ ബാങ്കുകളും ലാഭമുണ്ടാക്കിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള വിശകലനം വ്യക്തമാക്കുന്നു.

പട്ടിക 15

| Performance of Net Profit/ Loss in DCCBs in Kerala from 2013 - 14 to 2017 - 18 | | | | | | | |
|---|---|---|---|---|---|---|---|
| Sl. No. | Districts | Profit/Loss (Rs in Crores) | | | | | |
| | | 2013 - 14 | 2014 - 15 | 2015 -16 | 2016 - 17 | 2017 - 18 | Average (Rs in crores) |
| 1 | Thiruvananthapuram | 3.37 | 10.21 | 7.78 | (–)131.35 | (–) 362.36 | (–)72.47 |
| 2 | Kollam | 3.51 | 18.76 | 19.45 | 12.1 | 11.13 | 12.99 |
| 3 | Pathanamthitta | 2.54 | 3.79 | 3.86 | 4.5 | 4.79 | 3.9 |
| 4 | Alappuzha | (–)7.72 | -2.66 | 4.58 | 4.63 | 4.01 | 0.57 |
| 5 | Kottayam | (–)16.11 | -9.24 | 2.51 | 2.27 | 2.57 | (-)3.6 |
| 6 | Idukki | 14.47 | 24.07 | 23.2 | 32.43 | 24.13 | 23.66 |
| 7 | Ernakulam | 27.07 | 5.97 | 7.97 | 19.62 | 16.75 | 15.48 |
| 8 | Thrissur | 6.88 | 9.86 | 2.77 | 1.39 | 5.16 | 5.21 |
| 9 | Palakkad | 1.22 | 4.56 | 4.84 | 1.24 | 5.17 | 3.41 |
| 10 | Malappuram | 4.28 | 8.58 | 8.55 | 9.17 | 15.93 | 9.3 |
| 11 | Kozhikkode | 13.85 | 21.7 | 24.02 | 20.84 | 35.31 | 23.14 |
| 12 | Wayanad | 2.81 | 1.87 | 2.24 | 3.18 | 4.53 | 2.93 |
| 13 | Kannur | 6.35 | 6.58 | 4.16 | 2.12 | 2.11 | 4.26 |
| 14 | Kasaragod | 2.75 | 2.17 | 2.26 | 1.69 | 3.75 | 2.52 |
| | Total | 65.27 | 106.22 | 118.19 | (–)16.17 | (–)227.02 | |

അവലംബം:– 1. 2013 – 14 മുതൽ 2017 – 18 വരെ കേരളത്തിലെ ജില്ലാ സഹകരണ ബാങ്കുകളുടെ ആഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്നും ലഭിച്ചത്.
2. ജില്ലാ സഹകരണ ബാങ്കുകൾ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിച്ച സ്ഥിതിവിവരകണക്കുകളിൽ നിന്നും.

2017–18 കാലയളവ് വരെ തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ ഉണ്ടായിട്ടുള്ള മൊത്തം നഷ്ടം 362.36 കോടി രൂപയാണെന്ന് കാണാം. എന്നാൽ കോട്ടയം ജില്ലാ സഹകരണ ബാങ്കിൽ 2013–14 കാലയളവിൽ 16.11 കോടി രൂപ നഷ്ടത്തിൽ ഉണ്ടായിരുന്നത് 2017–18 ൽ 2.57 കോടി രൂപ ലാഭത്തിൽ എത്തിക്കാൻ ബാങ്കിന് കഴിഞ്ഞിട്ടുള്ളതായി കാണുന്നു. 2013–14 മുതൽ 2017–18 വരെയുള്ള കാലയളവിൽ ഇടുക്കിയിൽ (23.66 കോടി) കോഴിക്കോട് (23.14 കോടി) എറണാകുളം (15.48 കോടി)കൊല്ലം

(12.99 കോടി) എന്നിങ്ങനെ ജില്ലാ സഹകരണ ബാങ്കുകൾ ശരാശരി അറ്റലാഭം ഉണ്ടാക്കിയതായി കാണുന്നു.

പട്ടിക 16

**Ratio of Net profit to Income of DCCBs from 2013 - 14 to 2017 - 18**

| Sl. No. | DCBs | Years (in percentage) | | | | |
|---|---|---|---|---|---|---|
| | | 2013 - 14 | 2014 - 15 | 2015 -16 | 2016 - 17 | 2017 - 18 |
| 1 | Thiruvananthapuram | 0.73 | 1.74 | 1.39 | (–)22.08 | (–)70.61 |
| 2 | Kollam | 1.18 | 6.87 | 5.72 | 3.15 | 2.77 |
| 3 | Pathanamthitta | 1.59 | 2.12 | 1.74 | 1.85 | 1.87 |
| 4 | Alappuzha | (–)3.85 | (–)1.17 | 1.66 | 1.53 | 1.32 |
| 5 | Kottayam | (–)8.09 | (–)2.79 | 0.71 | 0.58 | 0.63 |
| 6 | Idukki | 6.64 | 9.9 | 8.7 | 10.84 | 7.78 |
| 7 | Ernakulam | 4.35 | 1.09 | 1.18 | 2.35 | 2.04 |
| 8 | Thrissur | 1.93 | 2.08 | 0.47 | 0.21 | 0.76 |
| 9 | Palakkad | 0.48 | 1.3 | 1.26 | 0.31 | 1.28 |
| 10 | Malappuram | 1.69 | 2.93 | 2.47 | 2.4 | 3.82 |
| 11 | Kozhikkode | 4.7 | 6.05 | 5.94 | 4.83 | 7.18 |
| 12 | Wayanad | 3.8 | 2.32 | 2.36 | 3.12 | 3.89 |
| 13 | Kannur | 2 | 1.61 | 0.84 | 0.36 | 0.75 |
| 14 | Kasaragod | 2.43 | 1.78 | 1.55 | 1.01 | 1.48 |

അവലംബം:– 1. 2013 – 14 മുതൽ 2017 – 18 വരെ കേരളത്തിലെ ജില്ലാ സഹകരണ ബാങ്കുകളുടെ ആഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്നും ലഭിച്ചത്.
2. ജില്ലാ സഹകരണ ബാങ്കുകൾ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിച്ച സ്ഥിതിവിവരകണക്കുകളിൽ നിന്നും.

പട്ടിക 16 അനുസരിച്ച് ജില്ലാ സഹകരണ ബാങ്കുകളുടെ വരുമാനത്തിലേയ്ക്കുള്ള അറ്റ ലാഭത്തിന്റെ അനുപാതം കാണിക്കുന്നത് ഇടുക്കി 2017–18ൽ (7.78 ശതമാനം) കോഴിക്കോട് (7.18 ശതമാനം) എന്നീ ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാനത്തെ മറ്റ ജില്ലാ സഹകരണ ബാങ്കുകളേക്കാൾ മികച്ച പ്രകടനമാണ് കാഴ്ച വച്ചത് എന്നാണ്. പട്ടിക അനുസരിച്ച് തിരുവനന്തപുരത്ത് നെഗറ്റീവ് ഫലമാണ് കാണിക്കുന്നത്.

## 10. പ്രവർത്തന രഹിതമായ ആസ്തികൾ

ബാങ്കുകളുടെ പ്രവർത്തനക്ഷമത, മത്സരപരമായ അന്തരീക്ഷത്തിലെ നിലനിൽപ്പിനും വളർച്ചയ്ക്കും ഏക മാനദണ്ഡമായിരിക്കണമെന്ന് നരസിംഹം കമ്മിറ്റിയുടെ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. ഈ ആവശ്യത്തിനായി ഓരോ ബാങ്കും കുറഞ്ഞ റിസ്ക്

വഹിക്കുന്ന അഡ്വാൻസുകൾ നിലനിർത്തേണ്ടതാണ്. അതിനാൽ പ്രവർത്തന രഹിതമായ ആസ്തികൾ കുറയ്ക്കുക എന്നതാണ് ബാങ്കുകളുടെ പ്രധാന ലക്ഷ്യം. ബാങ്കിംഗ് മേഖലയിലെ പരിഷ്കാരങ്ങളെക്കുറിച്ചുള്ള നരസിംഹം കമ്മിറ്റി റിപ്പോർട്ടിൽ 2002 ഓടെ ബാങ്കുകളുടെ പ്രവർത്തന രഹിതമായ ആസ്തികൾ 3 ശതമാനത്തിൽ താഴെ ആകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഊന്നി പറഞ്ഞിരിക്കുന്നു.

സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളുടെ ഏറ്റവും വലിയ പ്രശ്നമാണ് വർദ്ധിച്ചു വരുന്ന പ്രവർത്തന രഹിതമായ ആസ്തികൾ, ഇത് സഹകരണ വായ്പാ സ്ഥാപനങ്ങളുടെ മൂലധന പര്യാപ്തതാ മാനദണ്ഡങ്ങളെ ബാധിക്കുകയും ചെയ്യുന്നു. കാലഹരണപ്പെട്ട ആസ്തികളുടെ നിലവാരം ശരിയായി അറിയേണ്ടത് അത്യാവശ്യമാണ് കാരണം ഇത് ബാങ്കുകളുടെ ക്രെഡിറ്റ് മാനേജ്മെന്റുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളുടെ പ്രവർത്തന രഹിതമായ ആസ്തികളുടെ നിലവാരം ഉയർന്നതായിരുന്നു. പട്ടിക 17 അനുസരിച്ച് സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളുടെ പ്രവർത്തന രഹിതമായ ആസ്തികൾ 2013–14 ൽ 1905.97 കോടി രൂപയായിരുന്നു. ഇത് 2017–18 ൽ 3457.49 കോടി രൂപയായി ഉയർന്നു. പഠനകാലയളവിൽ ഇത് 81.4 ശതമാനം വളർച്ചയാണ് കാണിക്കുന്നത്. തിരുവനന്തപുരം (105.84 ശതമാനം) തൃശ്ശൂർ(753.08 ശതമാനം) വയനാട് (351.8 ശതമാനം) കണ്ണൂർ (119.18 ശതമാനം)എന്നിവയാണ് ജില്ല തിരിച്ചുള്ള ഫലങ്ങൾ കാണിക്കുന്നത്. പഠനകാലയളവിൽ സംസ്ഥാന വളർച്ച 81.4 ശതമാനമായിരുന്നു. പ്രവർത്തന രഹിതമായ ആസ്തികൾ നിയന്ത്രിക്കുന്നതിൽ കോട്ടയം ജില്ലാ സഹകരണ ബാങ്ക് (11.43 ശതമാനം) സംസ്ഥാനത്തെ മറ്റ് ജില്ലാ സഹകരണ ബാങ്കുകളേക്കാൾ മികച്ചതാണെന്ന് വിശകലനം വ്യക്തമാക്കുന്നു.

പട്ടിക 17

| Performance of NPA in DCCBs in Kerala from 2013 - 14 to 2017 - 18 | | | | | | | |
|---|---|---|---|---|---|---|---|
| Sl. No. | Districts | NPA (Rs in Crores) | | | | | |
| | | 2013 - 14 | 2014 - 15 | 2015 -16 | 2016 - 17 | 2017 - 18 | Growth In % |
| 1 | Thiruvananthapuram | 380.65 | 369.06 | 391.33 | 715.64 | 783.53 | 105.84 |
| 2 | Kollam | 157.98 | 150.14 | 120.39 | 132.88 | 207.31 | 31.23 |
| 3 | Pathanamthitta | 74.96 | 76.23 | 96.43 | 98.12 | 134.04 | 78.82 |
| 4 | Alappuzha | 59.03 | 68.95 | 67.3 | 82.38 | 83.83 | 42.01 |
| 5 | Kottayam | 148.8 | 176.78 | 132.95 | 144.01 | 165.81 | 11.43 |
| 6 | Idukki | 66.19 | 69.52 | 87.39 | 106.42 | 115.33 | 74.24 |
| 7 | Ernakulam | 213.26 | 155.5 | 203.11 | 177.15 | 269.66 | 26.45 |
| 8 | Thrissur | 49.54 | 86.14 | 174.74 | 361.61 | 422.62 | 753.08 |
| 9 | Palakkad | 180.49 | 150.97 | 169.29 | 178.4 | 240.13 | 33.04 |
| 10 | Malappuram | 238.51 | 172.76 | 190.97 | 280.26 | 399.81 | 67.63 |
| 11 | Kozhikkode | 153.27 | 138.38 | 166.87 | 254.37 | 252.5 | 64.74 |
| 12 | Wayanad | 9.15 | 7.16 | 12.99 | 38.12 | 41.34 | 351.8 |
| 13 | Kannur | 112.98 | 112.85 | 108.67 | 179.44 | 247.63 | 119.18 |
| 14 | Kasaragod | 61.16 | 48.49 | 46.19 | 81.07 | 93.95 | 53.61 |
| | Total | 1905.97 | 1782.93 | 1968.62 | 2829.87 | 3457.49 | 81.4 |

അവലംബം:- 1. 2013 – 14 മുതൽ 2017 – 18 വരെ കേരളത്തിലെ ജില്ലാ സഹകരണ ബാങ്കുകളുടെ ആഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്നും ലഭിച്ചത്.
2. ജില്ലാ സഹകരണ ബാങ്കുകൾ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിച്ച സ്ഥിതിവിവരകണക്കുകളിൽ നിന്നും.

പട്ടിക 18

| Performance of NPA to total loans and advances in DCCBs from 2013 - 14 to 2017 - 18 | | | | | | |
|---|---|---|---|---|---|---|
| Sl. No. | Districts | 2013 - 14 | 2014 - 15 | 2015 -16 | 2016 - 17 | 2017 - 18 |
| 1 | Thiruvananthapuram | 14.71 | 13.69 | 14.26 | 24.8 | 26.69 |
| 2 | Kollam | 10.79 | 9.98 | 6.98 | 6.97 | 9.42 |
| 3 | Pathanamthitta | 7.72 | 7.13 | 8.43 | 7.59 | 9.96 |
| 4 | Alappuzha | 4.41 | 4.94 | 4.62 | 5.95 | 5.49 |
| 5 | Kottayam | 9.66 | 11.14 | 8.17 | 7.93 | 8.84 |
| 6 | Idukki | 3.94 | 3.91 | 4.4 | 5.39 | 5.29 |
| 7 | Ernakulam | 7.73 | 4.7 | 5.47 | 4.76 | 5.62 |
| 8 | Thrissur | 2.17 | 3 | 5.3 | 9.37 | 10.76 |
| 9 | Palakkad | 15.88 | 9.89 | 9.62 | 9.34 | 9.77 |
| 10 | Malappuram | 13.82 | 8.99 | 8.73 | 9.98 | 12.05 |
| 11 | Kozhikkode | 7.96 | 6.54 | 6.55 | 8.16 | 7.16 |
| 12 | Wayanad | 19.38 | 13.22 | 1.99 | 4.85 | 4.69 |
| 13 | Kannur | 6.82 | 6.35 | 4.91 | 6.13 | 6.87 |
| 14 | Kasaragod | 9.39 | 6.42 | 5.18 | 7.04 | 7.28 |
| | Mean | 8.59 | 7.18 | 7.04 | 8.97 | 9.64 |

അവലംബം:- 1. 2013 – 14 മുതൽ 2017 – 18 വരെ കേരളത്തിലെ ജില്ലാ സഹകരണ ബാങ്കുകളുടെ ആഡിറ്റ് സർട്ടിഫിക്കറ്റിൽ നിന്നും ലഭിച്ചത്.
2. ജില്ലാ സഹകരണ ബാങ്കുകൾ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിച്ച സ്ഥിതിവിവരകണക്കുകളിൽ നിന്നും.

സംസ്ഥാനത്തെ മൊത്തം വായ്പകളിലേക്കും മുൻകൂറുകളിലേക്കും പ്രവർത്തനരഹിതമായ ആസ്തികളുടെ അനുപാതം പട്ടിക 18 ൽ കാണിക്കുന്ന പട്ടികയിൽ സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളുടെ പ്രവർത്തന രഹിതമായ ആസ്തികളുടെ അളവ് മൊത്തം വായ്പയുടേയും മുൻകൂറിന്റേയും 8.59 ശതമാനമായിരുന്നു 2013–14 കാലഘട്ടത്തിൽ. ഇത് 2017–18 ൽ 9.64 ശതമാനമായി ഉയർന്നു. ജില്ലാ തലത്തിൽ തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം ഒഴികെയുള്ള എല്ലാ ജില്ലാ സഹകരണ ബാങ്കുകളിലും പ്രവർത്തന രഹിതമായ ആസ്തികളുടെ വളർച്ച സംസ്ഥാന വളർച്ചാ നിരക്കിനേക്കാൾ താഴെയാണ്. അതായത് 2017–18 ലെ കണക്കനുസരിച്ച് 9.64 ശതമാനം. മൊത്തം വായ്പകളുടേയും, മുൻകൂറുകളുടേയും പ്രവർത്തന രഹിതമായ ആസ്തികളുടെ ഉയർന്ന വളർച്ചാ നിരക്ക് 2017–18 ൽ തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ 26.69 ശതമാനം ആണ്.

പഠന കാലയളവ് അവസാനിക്കുമ്പോൾ മേൽപ്പറഞ്ഞ വിവരണത്തിന്റെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ (KSCB) സാമ്പത്തിക പ്രകടനം, അറ്റാദായം, വയ്പ്പാ നിക്ഷേപ അനുപാതം (CD Ratio) വരുമാന, ചെലവ് അനുപാതം എന്നിവ മെച്ചപ്പെട്ടതായിരുന്നു. കൂടാതെ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി (എൻപിഎ) കൈകാര്യം ചെയ്യാവുന്ന തലത്തിലേക്ക് കുറയ്ക്കാൻ സർക്കാർ സഹായത്തോടെ ബാങ്കിന് കഴിഞ്ഞു. അതേ സമയം, ജില്ലാ സഹകരണ ബാങ്കുകളുടെ സാമ്പത്തിക പ്രകടനം ഓരോ ജില്ലയ്ക്കും വ്യത്യസ്തമായിരുന്നു. പഠന കാലയളവിൽ തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് ഒഴികെ മറ്റ് ജില്ലാ സഹകരണ ബാങ്കുകളുടെ വരുമാനം/ചെലവ് അനുപാതം, ചെലവ്/ വരുമാനം അനുപാതത്തെക്കാൾ കുറവായിരുന്നു എന്നു കാണുന്നു. അതുപോലെ തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് ഒഴികെയുള്ള എല്ലാ ജില്ലാ സഹകരണ ബാങ്കുകളും പഠന കാലയളവിൽ ലാഭം നേടിയിട്ടുണ്ട്. ഇടുക്കി, മലപ്പുറം, കോഴിക്കോട്, വയനാട്, കാസർഗോഡ് ജില്ലാ സഹകരണ ബാങ്കുകൾ എന്നിവ ഒഴികെ സംസ്ഥാനത്തെ ഭൂരിപക്ഷം ജില്ലാ സഹകരണ ബാങ്കുകളിലും ക്രെഡിറ്റ് നിക്ഷേപ അനുപാതം (സിഡി അനുപാതം) 70 ശതമാനത്തിൽ താഴെയാണ്. ആലപ്പുഴ, ഇടുക്കി, എറണാകുളം ജില്ലാ സഹകരണ ബാങ്കുകൾ എന്നിവ ഒഴികെയുള്ള ജില്ലാ സഹകരണ ബാങ്കുകളുടെ നിഷ്ക്രിയ ആസ്തി (എൻപിഎ) സാധാരണ മാനദണ്ഡങ്ങൾക്കും മുകളിലായിരുന്നു. മേൽപ്പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളുടെ മൊത്തത്തിലുള്ള സാമ്പത്തിക പ്രകടനം ഇനിയും വളരെയധികം മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട് എന്ന് കമ്മിഷൻ വിലയിരുത്തുന്നു.

അദ്ധ്യായം.3

## ശമ്പള നിർണ്ണയവും പരിഷ്കരിച്ച സ്കെയിലുകളും.

കേരള സംസ്ഥാന സഹകരണ ബാങ്കിനേയും സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളേയും ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്ന പശ്ചാത്തലത്തിൽ കേരള സംസ്ഥാന സഹകരണ ബാങ്കിലെയും ജില്ലാ സഹകരണ ബാങ്കുകളിലെയും ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനുള്ള ചുമതലയാണ് ശമ്പള പരിഷ്കരണ/ശമ്പള ഏകീകരണ കമ്മീഷനു മുന്നിൽ ഉള്ളത്. 01.04.2012 തീയതി പ്രാബല്യത്തിൽ പരിഷ്കരിച്ച ഇരു ബാങ്കുകളുടെയും ശമ്പള പരിഷ്കരണത്തിന്റെ കാലാവധി 31.03.2017 ന് അവസാനിച്ചു. തുടർന്ന് 01.04.2017 മുതൽ ശമ്പളം പരിഷ്കരിക്കേണ്ടതുണ്ട്. 31.03.2015 തീയതിയിലെ സ.ഉ. (കൈ) നം. 51/2015/സഹ. നമ്പർ ഉത്തരവ് പ്രകാരം ജില്ലാ സഹകരണ ബാങ്കുകളിലെ ജീവനക്കാരുടെയും 04.05.2015 തീയതിയിലെ സ.ഉ. (കൈ) നം. 61/2015/സഹ. ഉത്തരവ് പ്രകാരം സംസ്ഥാന സഹകരണ ബാങ്ക് ജീവനക്കാരുടെയും ശമ്പളം 01.04.2012 തീയതി മുതൽ പ്രാബല്യം നൽകിയാണ് സർക്കാർ പരിഷ്കരിച്ചത്. ഏറെക്കുറെ സമാനമായ ശമ്പള സ്കെയിലുകളും ഇൻക്രിമെന്റ് നിരക്കുകളുമാണ് പ്രസ്തുത പരിഷ്കരണത്തിൽ സ്വീകരിച്ചിട്ടുള്ളത്. ഇതിനു പുറമേ 09.06.2015 തീയതിയിലെ സ.ഉ. (കൈ) നം. 76/2015/സഹ. ഉത്തരവ് പ്രകാരം ജില്ലാ സഹകരണ ബാങ്കുകളിൽ കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ മുഖേന നേരിട്ട് നിയമനം ലഭിച്ച ഡെപ്യൂട്ടി ജനറൽ മാനേജർ, ജനറൽ മാനേജർ എന്നീ തസ്തികകളുടെയും 04.03.2016 തീയതിയിലെ സ.ഉ(കൈ) നം. 24/2016/സഹ ഉത്തരവ് പ്രകാരം സംസ്ഥാന സഹകരണ ബാങ്കിലെ ഡെപ്യൂട്ടി ജനറൽ മാനേജർ, ചീഫ് ജനറൽ മാനേജർ, ഫെയർ കോപ്പി സൂപ്രണ്ട്/ അക്കൗണ്ട്സ് ഓഫീസർ/കമ്പ്യൂട്ടർ എൻജിനിയർ, പ്ലംബർ/ഇലക്ട്രീഷ്യൻ IHG, IIHG, ഓവർസിയർ/ ഇലക്ട്രീഷ്യൻ IHG, IIHG, ലോ ഓഫീസർ/പ്രോജക്ട് സ്പെഷ്യലിസ്റ്റ്/ അസിസ്റ്റന്റ് എൻജിനിയർ IHG, IIHG, ഡ്രൈവർ എന്നീ തസ്തികകളുടെയും ശമ്പള സ്കെയിൽ പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്.

ശമ്പള പരിഷ്കരണം സംബന്ധിച്ച് ജീവനക്കാരുടെ സംഘടനകളിൽ നിന്നും കമ്മീഷൻ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിച്ചിരുന്നു. ജില്ലാ സഹകരണ ബാങ്കിലെ ജീവനക്കാരെ പ്രതിനിധീകരിച്ച് ജില്ലാ സഹകരണ ബാങ്ക് എംപ്ലോയീസ് ഫെഡറേഷൻ (ബി.ഇ.എഫ്.ഐ), ആൾ കേരള ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് യൂണിയൻ (എച്ച്. എം. എസ്), ആൾ കേരള ഡിസ്ട്രിക്ട് കോ – ഓപ്പറേറ്റീവ് ബാങ്ക് എംപ്ലോയീസ് കോൺഗ്രസ്സ് എന്നീ സംഘടനകളും, സംസ്ഥാന സഹകരണ ബാങ്ക് ജീവനക്കാരെ പ്രതിനിധീകരിച്ച് സ്റ്റേറ്റ് കോ – ഓപ്പറേറ്റീവ് ബാങ്ക് എംപ്ലോയീസ്

ഫെഡറേഷൻ (ബി. ഇ. എഫ്. ഐ), കേരള സ്റ്റേറ്റ് കോ – ഓപ്പറേറ്റീവ് എംപ്ലോയീസ് ഓർഗനൈസേഷൻ എന്നീ സംഘടനകളും തങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കമ്മീഷനു മുൻപിൽ സമർപ്പിച്ചു. ഇതിനു പുറമേ വ്യക്തികളും ഗ്രൂപ്പുകളും വിവിധ കാറ്റഗറി സംഘടനാ പ്രതിനിധികളും തങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളുമായി കമ്മീഷനെ സമീപിച്ചിരുന്നു. കമ്മീഷനെ സമീപിച്ച എല്ലാ സംഘടനാ പ്രതിനിധികളെയും വ്യക്തികളേയും, ഗ്രൂപ്പുകളേയും, കമ്മീഷൻ പ്രത്യേക സമയം അനുവദിച്ച് നേരിൽ കേൾക്കുകയും തങ്ങളുടെ അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കും വ്യക്തത വരുത്തുകയും ചെയ്തു. ബാങ്കുകളുടെ ധനസ്ഥിതിയെ സംബന്ധിച്ച് വിവിധ ജില്ലാ സഹകരണ ബാങ്കുകളുടേയും സംസ്ഥാന സഹകരണ ബാങ്കിന്റേയും അഡ്മിനിസ്ട്രേറ്റർമാരേയും കമ്മീഷൻ നേരിൽ കേൾക്കുകയുണ്ടായി.

പാർട്ടൈം കണ്ടിൻജന്റ് ജീവനക്കാർ മുതൽ ഏറ്റവും ഉയർന്ന തസ്തികയായ ചീഫ് ജനറൽ മാനേജർ വരെ (സംസ്ഥാന സഹകരണ ബാങ്ക്; ജില്ലാ സഹകരണ ബാങ്കുകളിൽ ജനറൽ മാനേജർ) ഉൾക്കൊള്ളുന്ന മുഴുവൻ തസ്തികകളുടേയും ശമ്പള സ്കെയിലുകൾ ഓരോ മാസ്റ്റർ സ്കെയിലിൽ ഉൾക്കൊള്ളിച്ചാണ് മുൻ ശമ്പള പരിഷ്കരണം നടപ്പാക്കിയിട്ടുള്ളത്. അതനുസരിച്ച് ജില്ലാ സഹകരണ ബാങ്കുകളുടെ ഏറ്റവും കുറഞ്ഞ അടിസ്ഥാന ശമ്പളം 5790 രൂപയും ഏറ്റവും ഉയർന്ന അടിസ്ഥാന ശമ്പളം 82470 രൂപയും ആയിരുന്നു. സംസ്ഥാന സഹകരണ ബാങ്കിൽ ഇത് യഥാക്രമം 6200 രൂപയും 92650 രൂപയുമാണ്. കുറഞ്ഞ അടിസ്ഥാന ശമ്പളവും ഉയർന്ന അടിസ്ഥാന ശമ്പളവും തമ്മിലുള്ള അനുപാതം ജില്ലാ സഹകരണ ബാങ്കുകളുടേത് 1 : 14.24 ഉം സംസ്ഥാന സഹകരണ ബാങ്കിന്റേത് 1 : 14.94 ഉം ആണ്.

**A. ജില്ലാ സഹകരണ ബാങ്ക്:**

01.04.2017 ന് ഡ്യൂ ആയ ശമ്പള പരിഷ്കരണം ആദ്യം നടപ്പാക്കാനും ശമ്പള ഏകീകരണം തുടർന്ന് നടത്താനുമാണ് ജീവനക്കാരുടെ സംഘടനാ പ്രതിനിധികൾ പൊതുവിൽ കമ്മീഷനു മുന്നിൽ ആവശ്യപ്പെട്ടിട്ടുള്ളത്. കേരള ബാങ്ക് രൂപീകൃതമാകുന്ന മുറയ്ക്ക് ശമ്പള ഏകീകരണം നടക്കേണ്ടതാണെന്ന അടിസ്ഥാനത്തിൽ 01.04.2017 മുതൽ നടപ്പാക്കേണ്ട പരിഷ്കരണം ആദ്യം നടത്തുന്നതായിരിക്കും ഉചിതം എന്ന് കമ്മീഷൻ കാണുന്നു. ഏറ്റവും കുറഞ്ഞ അടിസ്ഥാന ശമ്പളത്തെ സംബന്ധിച്ച് ജീവനക്കാരുടെ സംഘടനകൾക്ക് വ്യത്യസ്ത നിലപാടുകൾ ഉണ്ടെങ്കിലും ബാങ്കുകളുടെ മൊത്തം ധനസ്ഥിതി അതിനനുഗുണമല്ല. 01.07.2016 മുതൽ വർദ്ധിപ്പിച്ചിട്ടുള്ള 105% ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിക്കണമെന്ന ആവശ്യമാണ് ജീവനക്കാരുടെ സംഘടനകൾക്കുള്ളത്. 01.04.2012–ൽ ശമ്പളം പരിഷ്കരിക്കുമ്പോൾ 40% ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിച്ചിരുന്നു. നിലവിലെ ബാങ്കുകളുടെ സാമ്പത്തിക സ്ഥിതിയും മുൻ പരിഷ്കരണത്തിൽ

സ്ഥീകരിച്ച സമീപനവും കണക്കിലെടുത്ത് 45% ക്ഷാമ ബത്ത അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിച്ച് ശമ്പളം പരിഷ്ക്കരിക്കുന്നതായിരിക്കും ഉചിതം എന്നു കമ്മിഷൻ കരുതുന്നു. ഏറ്റവും കുറഞ്ഞ അടിസ്ഥാന ശമ്പളമായ 5790/- രൂപയോടൊപ്പം 45% ക്ഷാമബത്ത ലയിപ്പിച്ചാൽ 8396/- രൂപ ലഭിക്കും. കേരളത്തിൽ സ്വീപ്പിംഗ്/ക്ലീനിംഗ് ജോലിയിൽ ഏർപ്പെട്ടിട്ടുള്ള സ്ത്രീ തൊഴിലാളിയുടെ 2017 ഏപ്രിൽ മാസത്തെ ശരാശരി ദിവസ വേതനം 485.15 രൂപയാണ്. (അവലംബം : ലേബർ ബ്യൂറോ : ഇന്ത്യൻ ലേബർ ജേർണൽ ജൂലൈ 2017). ഒരു മാസത്തിൽ 25 പ്രവർത്തി ദിനം എന്ന് കണക്കാക്കിയാൽ ഫുൾടൈം സ്വീപ്പറുടെ മാസ വേതനം 12129/- രൂപ ആയിരിക്കും. ദേശസാൽകൃത ബാങ്കുകളിലെ മെയിന്റനൻസ് സ്റ്റാഫ്, സംസ്ഥാന സർവ്വീസിലെ പാർട്ട്ടൈം കണ്ടിൻജന്റ് ജീവനക്കാർ എന്നിവരുടെ അടിസ്ഥാന ശമ്പളവും കമ്മീഷൻ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. **ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളുടെ ജീവനക്കാരുടെ ഏറ്റവും കുറഞ്ഞ അടിസ്ഥാന ശമ്പളം 8500 രൂപയായി കമ്മീഷൻ ശുപാർശ ചെയ്യുന്നു.** ഏറ്റവും ഉയർന്ന അടിസ്ഥാന ശമ്പളത്തിന്റെ അനുപാതം കഴിഞ്ഞ പരിഷ്ക്കരണത്തിലേതിൽ നിന്നും കുറച്ചുകൊണ്ടുവരണമെന്നും കമ്മീഷൻ ആഗ്രഹിക്കുന്നു. **ആയതിന്റെ അടിസ്ഥാനത്തിൽ ഏറ്റവും ഉയർന്ന അടിസ്ഥാന ശമ്പളം 102600/- രൂപയായും കമ്മീഷൻ ശുപാർശ ചെയ്യുന്നു.**

01.04.2012 ലെ ശമ്പള പരിഷ്ക്കരണത്തിൽ ജില്ലാ സഹകരണ ബാങ്കുകളിലെ ജീവനക്കാരുടെ ഇൻക്രിമെന്റ് ഏറ്റവും കുറഞ്ഞത് 170 രൂപയും ഏറ്റവും ഉയർന്നത് 2150 രൂപയും ആയിരുന്നു. ഇത് അടിസ്ഥാന ശമ്പളത്തിന്റെ 2.94 % മുതൽ 3.35 % വരെയായിരുന്നു. എന്നാൽ ഇൻക്രിമെന്റ് നിരക്കുകളിൽ കൃത്യമായ ശ്രേണീ ബന്ധം ഉണ്ടായിരുന്നില്ല. 01.04.2012 ലെ ശമ്പള പരിഷ്ക്കരണത്തിലെ ഇൻക്രിമെന്റ് നിരക്കുകൾ താഴെ പട്ടികയിൽ വിവരിക്കുന്നു.

**പട്ടിക**

| ക്രമ നം. | അടിസ്ഥാന ശമ്പളം (രൂപ) | ഇൻക്രിമെന്റ് (രൂപ) | കാലദൈർഘ്യം | ഇൻക്രിമെന്റ് നിരക്ക് (%) |
|---|---|---|---|---|
| 1. | 5790 | 170 | 4 | 2.94 |
| 2. | 6470 | 200 | 4 | 3.09 |
| 3. | 7270 | 230 | 5 | 3.16 |
| 4. | 8420 | 280 | 4 | 3.33 |
| 5. | 9540 | 320 | 5 | 3.35 |
| 6. | 11140 | 350 | 3 | 3.14 |
| 7. | 12190 | 380 | 4 | 3.12 |

| | | | | |
|---|---|---|---|---|
| 8. | 13710 | 440 | 5 | 3.21 |
| 9. | 15910 | 510 | 5 | 3.21 |
| 10. | 18460 | 580 | 4 | 3.14 |
| 11. | 20780 | 670 | 5 | 3.22 |
| 12. | 24130 | 770 | 5 | 3.19 |
| 13. | 27980 | 890 | 5 | 3.18 |
| 14. | 32430 | 1020 | 4 | 3.15 |
| 15. | 36510 | 1160 | 5 | 3.18 |
| 16. | 42310 | 1320 | 4 | 3.12 |
| 17. | 47590 | 1500 | 5 | 3.15 |
| 18. | 55090 | 1700 | 4 | 3.09 |
| 19. | 61890 | 1920 | 4 | 3.10 |
| 20. | 69570 | 2150 | 6 | 3.09 |

ഇൻക്രിമെന്റ് നിരക്കുകളിൽ കൃത്യമായ ശ്രേണീ ബന്ധം നിലനിർത്തുന്നതും അടിസ്ഥാന ശമ്പളങ്ങൾ തമ്മിലുള്ള അനുപാതം കുറച്ചുകൊണ്ടു വരുന്നതും ഉചിതമായിരിക്കുമെന്ന് കമ്മിഷൻ കരുതുന്നു. അതോടൊപ്പം തുടർന്നുള്ള ശമ്പള ഏകീകരണം സുഗമമാക്കുന്നതിന് ആദ്യത്തെ രണ്ട് ഇൻക്രിമെന്റുകളും അവസാനത്തെ രണ്ട് ഇൻക്രിമെന്റുകളും ഏകീകരിക്കുന്നത് ഉചിതമായിരിക്കുമെന്ന് കമ്മീഷൻ കാണുന്നു. **ആയതിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കുറഞ്ഞ ഇൻക്രിമെന്റ് 300 രൂപയും ഏറ്റവും കൂടിയ ഇൻക്രിമെന്റ് 2630 രൂപയുമായി കമ്മീഷൻ ശുപാർശ ചെയ്യുന്നു. ഇൻക്രിമെന്റ് നിരക്കുകളും സ്റ്റേജുകളും താഴെ പട്ടികയിൽ വിവരിക്കുന്നു.**

| ക്രമ നം. | ഇൻക്രിമെന്റ് | നിരക്ക് (%) | കാല – ദൈർഘ്യം | സ്റ്റേജുകൾ |
|---|---|---|---|---|
| 1. | 300 | 3.53 | 5 | 8500–8800, 9100, 9400, 9700, 10000 |
| 2. | 350 | 3.50 | 5 | 10000–10350, 10700, 11050, 11400, 11750 |
| 3. | 400 | 3.40 | 5 | 11750–12150, 12550, 12950, 13350, 13750 |
| 4. | 450 | 3.27 | 5 | 13750–14200, 14650,15100,15550,16000 |
| 5. | 500 | 3.13 | 5 | 16000–16500,17000,17500,18000,18500 |
| 6. | 550 | 2.97 | 5 | 18500–19050,19600,20150,20700,21250 |
| 7. | 620 | 2.92 | 5 | 21250–21870,22490,23110,23730,24350 |
| 8. | 710 | 2.92 | 5 | 24350–25060,25770,26480,27190,27900 |

| | | | | |
|---|---|---|---|---|
| 9. | 810 | 2.90 | 6 | 27900–28710,29520,30330,31140,31950,32760 |
| 10. | 940 | 2.87 | 5 | 32760–33700,34640,35580,36520,37460 |
| 11. | 1080 | 2.88 | 6 | 37460–38540, 39620, 40700 41780, 42860, 43940 |
| 12. | 1250 | 2.84 | 5 | 43940–45190, 46440,47690, 48940, 50190 |
| 13. | 1430 | 2.85 | 5 | 50190–51620, 53050, 54480, 55910, 57340 |
| 14. | 1620 | 2.83 | 5 | 57340–58960, 60580,62200,63820,65440 |
| 15. | 1850 | 2.83 | 5 | 65440–67290, 69140,70990,72840,74690 |
| 16. | 2100 | 2.81 | 5 | 74690–76790, 78890,80990,83090,85190 |
| 17. | 2380 | 2.79 | 4 | 85190–87570, 89950,92330,94710 |
| 18. | 2630 | 2.78 | 3 | 94710–97340, 99970,102600 |

സംസ്ഥാന സർക്കാർ ജീവനക്കാരുടെ അഞ്ചാം ശമ്പള പരിഷ്കരണ കമ്മീഷനാണ് സംസ്ഥാന ജീവനക്കാർക്ക് മാസ്റ്റർ റണ്ണിംഗ് സ്കെയിൽ ആദ്യമായി ശുപാർശ ചെയ്തത്. 1992 ലെ പേ ഇക്വലൈസേഷൻ കമ്മിറ്റി സമൂല പരിഷ്കരണം നടപ്പാക്കാത്തതിനാലും 1997 ലെ ഏഴാം ശമ്പള പരിഷ്കരണ കമ്മീഷൻ വിയോജിപ്പ് രേഖപ്പെടുത്തിയതിനാലും ഈ രണ്ട് പരിഷ്കരണങ്ങൾ ഒഴിച്ച് സംസ്ഥാന ജീവനക്കാരുടെ തുടർന്നുള്ള എല്ലാ പരിഷ്കരണങ്ങളിലും സഹകരണ മേഖലയിലെയും വിവിധ സഹകരണ ഫെഡറേഷനുകളിലെയും ശമ്പള പരിഷ്കരണങ്ങളിലും മാസ്റ്റർ റണ്ണിംഗ് സ്കെയിൽ നടപ്പാക്കി വരുന്നു. ഈ നില ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ പരിഷ്കരണത്തിലും തുടരണം എന്ന് കമ്മീഷൻ കാണുന്നു. അതനുസരിച്ച് താഴെ പറയുന്ന മാസ്റ്റർ റണ്ണിംഗ് സ്കെയിൽ കമ്മീഷൻ ശുപാർശ ചെയ്യുന്നു.

## മാസ്റ്റർ സ്കെയിൽ

**8500–300/5 – 10000–350/5 – 11750–400/5 – 13750–450/5 – 16000–500/5 – 18500–550/5 – 21250– 620/5 – 24350– 710/5 – 27900 – 810/6 – 32760 – 940/5 – 37460 – 1080/6 – 43940 – 1250/5 – 50190 – 1430/5 – 57340 – 1620/5 – 65440 – 1850 /5 – 74690 – 2100/5 – 85190 – 2380/4 – 94710 – 2630/3 – 102600.**

ഇതനുസരിച്ച് ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ ഏറ്റവും കുറഞ്ഞ അടിസ്ഥാന ശമ്പളം **8500** രൂപയും കൂടിയത് **102,600** രൂപയും ആയിരിക്കും. ഏറ്റവും കുറഞ്ഞ അടിസ്ഥാന ശമ്പളം ഏറ്റവും ഉയർന്ന അടിസ്ഥാന ശമ്പളവും തമ്മിലുള്ള അനുപാതം 1 : 12.07 ആയി കുറച്ചു കൊണ്ടുവരാൻ കമ്മീഷൻ ശ്രദ്ധിച്ചിട്ടുണ്ട്. ഈ അനുപാതം 2012 ൽ 1 : 14.24 ഉം (5790 – 82470) 2007 – ൽ 1 : 13.44 ഉം (3500 – 47050) ആയിരുന്നു.

നിലവിൽ 90 സ്റ്റേജുകളിലായി 10 ശമ്പള സ്കെയിലുകളാണ് ജില്ലാ സഹകരണ ബാങ്കുകളിൽ ഉള്ളത്. കേരള ബാങ്കിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട് തസ്തികകൾ പുനഃക്രമീകരിക്കപ്പെടുകയും ഏകീകരണം നടപ്പാക്കേണ്ടിവരികയും ചെയ്യുന്ന സാഹചര്യത്തിൽ നിലവിലുള്ള ശമ്പള സ്കെയിലുകളുടെ എണ്ണവും തസ്തികകളും അതേ രീതിയിൽ നിലനിർത്തുന്നതായിരിക്കും ഉചിതം എന്ന് കമ്മീഷൻ കാണുന്നു. അതനുസരിച്ച് നിലവിലെ ശമ്പള സ്കെയിലുകൾ താഴെ പറയും പ്രകാരം പരിഷ്കരിച്ച് കമ്മീഷൻ ശുപാർശ ചെയ്യുന്നു. ജീവനക്കാർ തമ്മിലുള്ള യോജിപ്പും സൗഹൃദവും നിലനിർത്തുന്നതിനായി കേരള പി. എസ്. സി വഴി നേരിട്ട് നിയമനം ലഭിച്ച ഡെപ്യൂട്ടി ജനറൽ മാനേജർ, ജനറൽ മാനേജർ എന്നീ തസ്തികകൾക്കനുവദിച്ച ഉയർന്ന ശമ്പള സ്കെയിൽ പ്രൊമോഷൻ വഴി നിയമനം ലഭിക്കുന്ന ജീവനക്കാർക്കുകൂടി കമ്മീഷൻ ശുപാർശ ചെയ്യുന്നു. സ്റ്റേജുകൾ 89 ആയി പരിമിതപ്പെടുത്തുന്നതിനും ഓരോ ശമ്പള സ്കെയിലിലും ഉയർന്ന സ്റ്റേജിൽ സ്റ്റാഗ്നേഷൻ ഒഴിവാക്കുന്നതിനും നിലവിലെ സ്കെയിലുകളുടെ കാലദൈർഘ്യം ഏറെക്കുറെ തൽസ്ഥിതി തുടരുന്നതായിരിക്കും ഉചിതം എന്നും കമ്മീഷൻ കാണുന്നു.

| ക്രമ നം. | തസ്തിക | നിലവിലുള്ള ശമ്പള സ്കെയിൽ | പരിഷ്കരിച്ച ശമ്പള സ്കെയിൽ |
|---|---|---|---|
| 1. | പാർട്ട്ടൈം കണ്ടിൻജന്റ് ജീവനക്കാർ | 5790-170/4- 6470-200/4-7270- 230/5 - 8420-280/4 -9540 - 320/5 - 11140 - 350/3 - 12190 - 380/3 - 13280 (28) | 8500 - 300/5 - 10000 - 350/5 - 11750 - 400/5 - 13750 - 450/5 - 16000 - 500/5 - 18500 (25) |
| 2. | പ്യൂൺ/ വാച്ച്മാൻ/ലിഫ്റ്റ് ഓപ്പറേറ്റർ | 11140-350/3-12190-380/4-13710-440/5-15910-510/5-18460-580/4-20780-670/4-23460 (25) | 16000-500/5-18500-550/5-21250-620/5-24350-710/5-27900-810/5-31950 (25) |
| 3. | റെക്കോർഡ് കീപ്പർ/ബിൽ കളക്ടർ/ഡഫേദാർ /ഷൊറോഫ്/ ഡ്രൈവർ/ കെയർ ടേക്കർ | 12950-380/2-13710-440/5-15910-510/5-18460-580/4-20780-670/5-24130-770/5-27980-890/5-32430-1020/1-33450 (32) | 18500-550/5-21250-620/5-24350-710/5-27900-810/6-32760-940/5-37460 - 1080/5-42860 (31) |
| 4. | ക്ലർക്ക്/ക്യാഷ്യർ/ സ്റ്റെനോ ടൈപ്പിസ്റ്റ്/ ടൈപ്പിസ്റ്റ്/ ടൈപ്പിസ്റ്റ് കം ക്ലർക്ക്/ ടെലഫോൺ/ ടെലക്സ് ഓപ്പറേറ്റർ/ ഡാറ്റാ എൻട്രി ഓപ്പറേറ്റർ. | 14150-440/4-15910-510/5-18460-580/4-20780-670/5-24130-770/5-27980-890/5-32430-1020/3-35490 (31) | 20150-550/2-21250-620/5-24350-710/5-27900-810/6-32760-940/5-37460-1080/6-43940-1250/3-47690 (32) |

| | | | |
|---|---|---|---|
| 5. | അക്കൗണ്ടന്റ്/ ഇൻസ്പെക്ടർ/I ഗ്രേഡ് ടൈപ്പിസ്റ്റ് | 15910-510/5-18460-580/4-20780-670/5-24130-770/5-27980-890/5-32430-1020/4-36510-1160/4-41150 (32) | 22490-620/3-24350-710/5-27900-810/6-32760-940/5-37460-1080/6-43940-1250/5-50190 (30) |
| 6. | സീനിയർ ഇൻസ്പെക്ടർ/ സീനിയർ അക്കൗണ്ടന്റ്/ ചീഫ് കാഷ്യർ/അസിസ്റ്റന്റ് മാനേജർ | 17950-510/1-18460-580/4-20780-670/5-24130-770/5-27980-890/5-32430-1020/4-36510-1160/5-42310-1320/4-47590-1500/1-49090 (34) | 24350-710/5-27900-810/6-32760-940/5-37460-1080/6-43940-1250/5-50190-1430/5-57340-1620/2-60580 (34) |
| 7. | ബ്രാഞ്ച് മാനേജർ/ സൂപ്രണ്ട്/ ചീഫ് അക്കൗണ്ടന്റ്/ മാർക്കറ്റിംഗ് ഓഫീസർ/പബ്ലിക് റിലേഷൻ ഓഫീസർ | 19670-580/4-20780-670/5-24130-770/5-27980-890/5-32430-1020/4-36510-1160/5-42310-1320/4-47590-1500/5-55090 (37) | 26480-710/2-27900-810/6-32760-940/5-37460-1080/6-43940-1250/5-50190-1430/5-57340-1620/5-65440-1850/3-70990 (37) |
| 8. | എക്സിക്യൂട്ടീവ് ഓഫീസർ/ ഇൻസ്പെക്ടർ ഓഫ് ബ്രാഞ്ചസ്/ സീനിയർ ബ്രാഞ്ച് മാനേജർ/ അഗ്രിക്കൾച്ചറൽ ഓഫീസർ | 22120- 670/3-24130-770/5 - 27980-890/5-32430-1020/4 -36510-1160/5-42310-1320/4 -47590 - 1500/5 - 55090 - 1700 /4 - 61890 - 1920/4 - 69570 - 2150/2 - 73870 (41) | 28710 - 810/5- 32760 - 940/5 - 37460 -1080/6 - 43940 - 1250/5 - 50190 - 1430/5 - 57340 - 1620/5 - 65440 - 1850/5 - 74690 - 2100/4 - 83090 (40) |
| 9. | ഡെപ്യൂട്ടി ജനറൽ മാനേജർ | 32430-1020/4 - 36510 - 1160/5 - 42310 - 1320/4 - 47590 - 1500/5 - 55090 - 1700/4 - 61890 - 1920/4 - 69570 - 2150/4 - 78170 (30) | 39620 - 1080/4 - 43940 - 1250/5 - 50190 - 1430/5 - 57340 - 1620/5 - 65440-1850/5 - 74690 - 2100/5 - 85190 - 2380/4 - 94710 - 2630/2 - 99970 (35) |
| 10. | ജനറൽ മാനേജർ | 42310 - 1320/4 - 47590-1500/5 - 55090 - 1700/4 - 61890 - 1920/4 - 69570 - 2150/6 - 82470 (23) | 53050 - 1430/3 - 57340 - 1620/5 - 65440 - 1850/5 - 74690 - 2100/5 - 85190 - 2380/4 - 94700 - 2630/3 - 102600 (25) |

### B. സംസ്ഥാന സഹകരണ ബാങ്ക് :

സംസ്ഥാന സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പളവും 01.04.2017 ന് ഡ്യൂ ആയതിനാൽ ഇതോടൊപ്പം പരിഷ്കരിക്കേണ്ടതുണ്ട്. 01.04.2012-ൽ ശമ്പളം പരിഷ്കരിക്കുമ്പോൾ 01.04.2012 ലെ അടിസ്ഥാന ശമ്പളത്തോടൊപ്പം 40% ക്ഷാമബത്ത

ലയിപ്പിച്ചാണ് പരിഷ്കരണം നടപ്പാക്കിയത്. 01.07.2016ലെ ക്ഷാമ ബത്ത മുഴുവനായി ലയിപ്പിക്കണം എന്നതാണ് ജീവനക്കാരുടെ ആവശ്യം. എന്നാൽ ബാങ്കിന്റെ ധനസ്ഥിതിയും മുൻ പരിഷ്കരണത്തിൽ സ്വീകരിച്ച സമീപനവും കണക്കിലെടുത്ത് 45% ക്ഷാമ ബത്ത അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിച്ച് ശമ്പളം പരിഷ്കരിക്കുന്നതാണ് ഉചിതം എന്ന് കമ്മീഷൻ കരുതുന്നു. 01.04.2012 ലെ പരിഷ്കരണത്തിൽ ഏറ്റവും കുറഞ്ഞ അടിസ്ഥാന ശമ്പളം 6200/- രൂപയായിരുന്നു ഇതോടൊപ്പം 45% ക്ഷാമ ബത്ത ലയിപ്പിച്ചാൽ 8990/- രൂപ ലഭിക്കും. കേരളത്തിൽ സ്വീപ്പിംഗ്/ ക്ലീനിംഗ് ജോലിയിൽ ഏർപ്പെട്ടിട്ടുള്ള സ്ത്രീ തൊഴിലാളികളുടെ 2017 ഏപ്രിൽ മാസത്തെ ശരാശരി ദിവസ വേതനം, ദേശസാൽകൃത ബാങ്കുകളിലെ മെയിന്റനൻസ് സ്റ്റാഫ്, സംസ്ഥാനത്തെ സർക്കാർ സർവ്വീസിലെ പാർട്ട്ടൈം കണ്ടിൻജന്റ് ജീവനക്കാർ എന്നിവരുടെ കുറഞ്ഞ വേതനം, ജില്ലാ സഹകരണ ബാങ്കുകളിലെ പാർട്ട്ടൈം കണ്ടിൻജന്റ് ജീവനക്കാർക്ക് മുൻ ഖണ്ഡിക പ്രകാരം കമ്മീഷൻ ശുപാർശ ചെയ്ത ഏറ്റവും കുറഞ്ഞ അടിസ്ഥാന ശമ്പളം എന്നിവയുടെ കൂടി അടിസ്ഥാനത്തിൽ സംസ്ഥാന സഹകരണ ബാങ്ക് ജീവനക്കാരുടെ ഏറ്റവും കുറഞ്ഞ അടിസ്ഥാന ശമ്പളം 9000 രൂപയായി കമ്മീഷൻ ശുപാർശ ചെയ്യുന്നു. ഏറ്റവും ഉയർന്ന അടിസ്ഥാന ശമ്പളവുമായുള്ള അനുപാതം കഴിഞ്ഞ പരിഷ്കരണത്തിലേതിൽ നിന്നും കുറച്ചുകൊണ്ടു വരണം എന്നും കമ്മീഷൻ കാണുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഏറ്റവും ഉയർന്ന അടിസ്ഥാന ശമ്പളം 108320 രൂപയായും കമ്മീഷൻ ശുപാർശ ചെയ്യുന്നു.

01.04.2012 ലെ ശമ്പള പരിഷ്കരണത്തിൽ കേരള സംസ്ഥാന സഹകരണ ബാങ്കിലെ ജീവനക്കാരുടെ ഇൻക്രിമെന്റ് ഏറ്റവും കുറഞ്ഞത് 170 രൂപയും ഏറ്റവും കൂടിയത് 2240 രൂപയും ആയിരുന്നു. ഇത് അടിസ്ഥാന ശമ്പളത്തിന്റെ 2.69 ശതമാനത്തിനും 2.73 ശതമാനത്തിനും മദ്ധ്യേ ആയിരുന്നു. ജീവനക്കാരിൽ താഴ്ന്ന തസ്തികയിൽ ജോലി ചെയ്യുന്നവർക്കും ഏറ്റവും ഉയർന്ന തസ്തികയിൽ ജോലി ചെയ്യുന്നവർക്കും ഏറെക്കുറെ സമാനമായ ഇൻക്രിമെന്റ് നിരക്ക് ആയിരുന്നു. ഇത് നീതി പൂർവ്വകമല്ല എന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. 01.04.2012 ലെ ശമ്പള പരിഷ്കരണത്തിലെ ഇൻക്രിമെന്റ് നിരക്കുകൾ താഴെ പട്ടികയിൽ വിവരിക്കുന്നു.

| ക്രമ നം. | അടിസ്ഥാന ശമ്പളം (രൂപ) | ഇൻക്രിമെന്റ് (രൂപ) | കാലദൈർഘ്യം | ഇൻക്രിമെന്റ് നിരക്ക് (%) |
|---|---|---|---|---|
| 1. | 6200 | 170 | 5 | 2.74 |
| 2. | 7050 | 200 | 5 | 2.84 |
| 3. | 8050 | 220 | 5 | 2.73 |
| 4. | 9150 | 250 | 5 | 2.73 |

| | | | | |
|---|---|---|---|---|
| 5. | 10400 | 280 | 5 | 2.69 |
| 6. | 11800 | 320 | 5 | 2.71 |
| 7. | 13400 | 370 | 5 | 2.76 |
| 8. | 15250 | 420 | 5 | 2.75 |
| 9. | 17350 | 480 | 5 | 2.77 |
| 10. | 19750 | 540 | 5 | 2.73 |
| 11. | 22450 | 620 | 5 | 2.76 |
| 12. | 25550 | 700 | 5 | 2.74 |
| 13. | 29050 | 800 | 5 | 2.75 |
| 14. | 33050 | 910 | 5 | 2.75 |
| 15. | 37600 | 1030 | 5 | 2.74 |
| 16. | 42750 | 1180 | 5 | 2.76 |
| 17. | 48650 | 1340 | 5 | 2.75 |
| 18. | 55350 | 1520 | 5 | 2.75 |
| 19. | 62950 | 1730 | 5 | 2.75 |
| 20. | 71600 | 1970 | 5 | 2.75 |
| 21. | 81450 | 2240 | 5 | 2.75 |

ഇക്രിമെന്റ് നിരക്കുകളിൽ കൃത്യമായ ശ്രേണീ ബന്ധം നിലനിർത്തണമെന്നും താഴ്ന്ന തസ്തികയിലെയും ഉയർന്ന തസ്തികയിലെയും ഇൻക്രിമെന്റ് നിരക്കുകൾ നീതി പൂർവ്വകമായിരിക്കണമെന്നും കമ്മീഷൻ കാണുന്നു. തുടർന്നുള്ള ശമ്പള ഏകീകരണം സുഗമമാക്കുന്നതിന് ആദ്യത്തെ മൂന്ന് ഇൻക്രിമെന്റുകളും അവസാനത്തെ രണ്ട് ഇൻക്രിമെന്റുകളും ഏകീകരിക്കുന്നതും ഉചിതമായിരിക്കുമെന്ന് കമ്മീഷൻ കാണുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഏറ്റവും കുറഞ്ഞ ഇൻക്രിമെന്റ് 300 രൂപയും ഏറ്റവും ഉയർന്ന ഇൻക്രിമെന്റ് 2630 രൂപയുമായി കമ്മീഷൻ ശുപാർശ ചെയ്യുന്നു. ഇൻക്രിമെന്റ് നിരക്കുകളും സ്റ്റേജുകളും താഴെ പട്ടികയിൽ വിവരിക്കുന്നു.

| ക്രമ നം. | ഇൻക്രിമെന്റ് | നിരക്ക് (%) | കാല - ദൈർഘ്യം | സ്റ്റേജുകൾ |
|---|---|---|---|---|
| 1. | 300 | 3.33 | 5 | 9000–9300,9600,9900,10200,10500 |
| 2. | 350 | 3.33 | 5 | 10500–10850,11200,11550,11900,12250 |
| 3. | 400 | 3.27 | 5 | 12250 – 12650,13050,13450,13850,14250 |
| 4. | 450 | 3.16 | 5 | 14250–14700, 15150,15600,16050,16500 |

| | | | | |
|---|---|---|---|---|
| 5. | 520 | 3.15 | 5 | 16500–17020,17540,18060,18580,19100 |
| 6. | 590 | 3.09 | 5 | 19100–19690,20280,20870,21460,22050 |
| 7. | 670 | 3.04 | 5 | 22050 –22720,23390,24060,24730,25400 |
| 8. | 760 | 2.99 | 5 | 25400–26160,26920,27680,28440,29200 |
| 9. | 870 | 2.98 | 5 | 29200–30070,30940,31810,32680,33550 |
| 10. | 980 | 2.92 | 5 | 33550–34530,35510,36490,37470,38450 |
| 11. | 1120 | 2.91 | 5 | 38450–39570,40690,41810,42930,44050 |
| 12. | 1270 | 2.88 | 5 | 44050–45320,46590,47860,49130,50400 |
| 13. | 1440 | 2.86 | 5 | 50400–51840,53280,54720,56160,57600 |
| 14. | 1650 | 2.86 | 5 | 57600–59250,60900,62550,64200,65850 |
| 15. | 1880 | 2.85 | 5 | 65850–67730,69610,71490,73370,75250 |
| 16. | 2130 | 2.83 | 5 | 75250–77380,79510,81640,83770,85900 |
| 17. | 2380 | 2.77 | 5 | 85900–88280,90660,93040,95420,97800 |
| 18. | 2630 | 2.69 | 4 | 97800–100430,103060,105690,108320 |

ജില്ലാ സഹകരണ ബാങ്കുകളുടെ ശമ്പള പരിഷ്കരണത്തിലേതെന്നതുപോലെ കേരള സംസ്ഥാന സഹകരണ ബാങ്കിന് താഴെപ്പറയുന്ന മാസ്റ്റർ റണ്ണിംഗ് സ്കെയിൽ കമ്മീഷൻ ശുപാർശ ചെയ്യുന്നു.

**മാസ്റ്റർ സ്കെയിൽ**

**9000–300/5–10500–350/5–12250–400/5–14250–450/5–16500–520/5–19100–590/5– 22050–670/5 – 25400–760/5–29200–870/5– 33550– 980/5 – 38450– 1120/5 – 44050– 1270/5–50400– 1440/5 – 57600 – 1650/5 – 65850 – 1880/5 – 75250 – 2130/5 – 85900 – 2380/5 – 97800 – 2630/4 – 108320**

ഇതനുസരിച്ച് സംസ്ഥാന സഹകരണ ബാങ്ക് ജീവനക്കാരുടെ ഏറ്റവും കുറഞ്ഞ അടിസ്ഥാന ശമ്പളം 9000 രൂപയും കൂടിയത് 108320 രൂപയും ആയിരിക്കും. ഏറ്റവും കുറഞ്ഞ അടിസ്ഥാന ശമ്പളവും ഏറ്റവും കൂടിയ അടിസ്ഥാന ശമ്പളവും തമ്മിലുള്ള അനുപാതം 1 : 12.04 ആയി കുറച്ചു കൊണ്ടുവരാൻ കമ്മീഷൻ ശ്രദ്ധിച്ചിട്ടുണ്ട്. ഈ അനുപാതം 2012 – ൽ 1 : 14.94 ഉം (6200 – 92650) 2007 – ൽ 1 : 12.61 ഉം (4000 – 50450) ആയിരുന്നു.

നിലവിൽ 105 സ്റ്റേജുകളിലായി പന്ത്രണ്ട് ശമ്പള സ്കെയിലുകളാണ് സംസ്ഥാന സഹകരണ ബാങ്കിൽ ഉള്ളത്. കേരള ബാങ്കിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട് തസ്തികകൾ പുനഃക്രമീകരിക്കപ്പെടുകയും ഏകീകരണം നടപ്പാക്കേണ്ടി വരികയും ചെയ്യുന്ന സാഹചര്യത്തിൽ നിലവിലുള്ള ശമ്പള സ്കെയിലുകളുടെ എണ്ണവും തസ്തികകളും അതേ രീതിയിൽ നിലനിർത്തുന്നതായിരിക്കും ഉചിതം എന്ന് കമ്മീഷൻ കാണുന്നു. അതനുസരിച്ച് നിലവിലെ ശമ്പള സ്കെയിലുകൾ താഴെപ്പറയും പ്രകാരം പരിഷ്കരിച്ച് കമ്മീഷൻ ശുപാർശ ചെയ്യുന്നു. നിലവിലെ 105 സ്റ്റേജുകൾ 89 ആയി പരിമിതപ്പെടുത്തുന്നതിനും ഓരോ ശമ്പള സ്കെയിലിലും ഉയർന്ന സ്റ്റേജിൽ സ്റ്റാഗ്നേഷൻ ഒഴിവാക്കുന്നതിനും കമ്മീഷൻ ശ്രദ്ധിച്ചിട്ടുണ്ട്.

| ക്രമ നം. | തസ്തിക | നിലവിലുള്ള ശമ്പള സ്കെയിൽ | പരിഷ്കരിച്ച ശമ്പള സ്കെയിൽ |
|---|---|---|---|
| 1. | പാർട്ട്ടൈം കണ്ടിൻജന്റ് ജീവനക്കാർ | 6200–170/5–7050–200/5–8050–220/5– 9150– 250/5 – 10400– 280/5 – 11800 (25) | 9000–300/5–10500–350/5–12250–400/5–14250–450/5–16500–520/5–19100 (25) |
| 2. | പ്യൂൺ/അറ്റൻഡന്റ്/ വാച്ച്മാൻ/ലിഫ്റ്റ് ഓപ്പറേറ്റർ/ഗസ്റ്റ് റൂം അറ്റൻഡന്റ് | 11800– 320/5 – 13400 – 370/5 – 15250 – 420/5 – 17350 – 480/5 – 19750 – 540/5 – 22450 – 620/5 – 25550– 700/5 – 29050 – 800/5 – 33050 (40) | 16500–520/5–19100–590/5–22050–670/5 – 25400–760/5–29200–870/5– 33550 –980/5 – 38450 (30) |
| 3. | ബിൽ കളക്ടർ/ ഡ്രൈവർ | 13080– 320/1– 13400– 370/5 – 15250–420/5 – 17350 – 480/5 – 19750– 540/5 – 22450– 620/5 – 25550 – 700/5 – 29050 – 800/5 – 33050 – 910/3 – 35780 (39) | 18580– 520/1 – 19100 – 590/5 – 22050 – 670/5 – 25400 – 760/5 – 29200 – 870/5 – 33550 – 980/5 – 38450 – 1120/5 – 44050 (31) |
| 4. | ക്ലർക്ക് ഗ്രേഡ് II/കാഷ് അസിസ്റ്റന്റ്/ ഗോൾഡ് അപ്രൈസർ/കെയർ ടേക്കർ/ക്ലാർക്ക്-കം-ടൈപ്പിസ്റ്റ്/ടെലക്സ് ഓപ്പറേറ്റർ/ റെക്കോർഡ് കീപ്പർ/ ഡഫേദാർ | 14140 – 370/3 – 15250 – 420/5 – 17350 – 480/5 – 19750 – 540/5 – 22450– 620/5 – 25550 – 700/5 – 29050 – 800/5 – 33050 – 910/5 – 37600 – 1030/5 – 42750 – 1180/5 – 48650 (48) | 20280 – 590/3 – 22050– 670/5 – 25400– 760/5 – 29200 – 870/5 – 33550 – 980/5 – 38450 – 1120/5 – 44050 – 1270/5 – 50400 – 1440/3 – 54720 (36) |

| | | | |
|---|---|---|---|
| 5. | ക്ലാർക്ക് ഗ്രേഡ് I/ ടൈപ്പിസ്റ്റ് II/ സ്റ്റെനോ ടൈപ്പിസ്റ്റ് II/ റിസപ്ഷനിസ്റ്റ് – കം – പി.ബി. എക്സ് ഓപ്പറേറ്റർ/ ഡേറ്റാ എൻട്രി ഓപ്പറേറ്റർ | 16090– 420/3 – 17350 – 480/5 – 19750 – 540/5 – 22450 – 620/5 – 25550 – 700/5 – 29050 – 800/5 – 33050 – 910/5 – 37600 – 1030/5 – 42750 – 1180 /5 – 48650 – 1340/1 – 49990 (44) | 22720–670/4–25400– 760/5 – 29200 –870/5 – 33550 – 980/5 – 38450– 1120/5 – 44050 – 1270/5 – 50400 – 1440/5 – 57600 – 1650/5 – 65850 (39) |
| 6. | ജൂനിയർ അസിസ്റ്റന്റ് / ടൈപ്പിസ്റ്റ് I/ സ്റ്റെനോ ടൈപ്പിസ്റ്റ് I/ കാഷ്യർ/ കസ്റ്റോഡിയൻ/ പ്ലംബർ/ ഇലക്ട്രീഷ്യൻ | 17350 – 480/5 – 19750 – 540/5 – 22450 – 620/5 – 25550 – 700/5 – 29050 – 800/5 – 33050 – 910/5 – 37600 – 1030/5 – 42750 – 1180 /5 – 48650 – 1340/5 – 55350 (45) | 24730 – 670/1 – 25400 – 760/5 –29200 – 870/5 – 33550 – 980/5 – 38450 – 1120 / 5 – 44050 – 1270/5 – 50400 – 1440 / 5 – 57600 – 1650/5 –65850 – 1880 /5 – 75250 (41) |
| 7. | സീനിയർ അക്കൗണ്ടന്റ് / സ്പെഷ്യലിസ്റ്റ് അസിസ്റ്റന്റ്/ ഓവർ സിയർ | 19270– 480/1 – 19750 – 540/5 – 22450 – 620/5 – 25550 – 700/5 – 29050 – 800/5 – 33050 – 910/5 – 37600 – 1030/5 – 42750 – 1180 /5 – 48650 – 1340/5 – 55350 – 1520 / 5 – 62950 – 1730/4 – 69870 (50) | 26920 – 760/3 – 29200 – 870/5 – 33550 – 980 /5 38450 – 1120 / 5 – 44050 – 12701/5 – 50400 – 1440/5 – 57600 – 1650/5 – 65850 – 1880/5 – 75250 – 2130/5 – 85900 – 2380/2 – 90660 (45) |
| 8. | ഫെയർ കോപ്പി സൂപ്രണ്ട്/ അക്കൗണ്ട്സ് ഓഫീസർ/കംപ്യൂട്ടർ എൻജിനീയർ | 20830 – 540/3 – 22450– 620/5 – 25550– 700/5 – 29050 – 800/5 – 33050 – 910/5 – 37600 – 1030/5 – 42750 – 1180/5 – 48650 – 1340/5 – 55350 – 1520/ 5 – 62950 – 1730/5 – 71600 (48) | 29200 – 870/5 – 33550 – 980 /5 38450 – 1120 / 5 – 44050 – 1270/5 – 50400 – 1440/5 – 57600 – 1650/5 – 65850 – 1880/5 – 75250 – 2130/5 – 85900 – 2380/5 – 97800 (45) |
| 9. | ലോ ഓഫീസർ/ പി. ആർ. ഒ/ മാനേജർ/ ചീഫ് കാഷ്യർ/ പി.എ ടു എം. ഡി./ അസിസ്റ്റന്റ് എൻജിനീയർ/ പ്രോജക്ട് സ്പെഷ്യലിസ്റ്റ് | 23070 – 620/4 – 25550– 700/5 – 29050 – 800/5 – 33050 – 910/5 – 37600 – 1030/5 – 42750 – 1180/5 – 48650 – 1340/5 – 55350 – 1520/ 5 – 62950 – 1730/5 – 71600– 1970/3 – 77510 (47) | 32680 – 870 / 1 – 33550 – 980/5 – 38450 – 1120 / 5 – 44050 –1270/5 –50400 – 1440/5 – 57600 – 1650/5 – 65850 – 1880/5 – 75250 – 2130/5 – 85900 – 2380/5 – 97800 – 2630/1 – 100430 (42) |

| | | | |
|---|---|---|---|
| 10. | സീനിയർ മാനേജർ | 26250 – 700/4 – 29050 – 800/5 – 33050 – 910/5 – 37600 – 1030/5 – 42750 – 1180/5 – 48650 – 1340/5 – 55350 – 1520/ 5 – 62950 – 1730/5 – 71600– 1970/5 – 81450 (44) | 38450 – 1120 / 5 – 44050 – 1270/5 –50400 – 1440/5 – 57600 – 1650/5 – 65850 – 1880/5 – 75250 – 2130/5 – 85900 – 2380/5 – 97800 – 2630/2 – 103060 (37) |
| 11 | ഡെപ്യൂട്ടി ജനറൽ മാനേജർ | 33050 – 910/5 – 37600 – 1030/5 – 42750 – 1180/5 – 48650 – 1340/5 – 55350 – 1520/ 5 – 62950 – 1730/5 – 71600– 1970/5 – 81450 – 2240/3 – 88170 (38) | 50400 – 1440/5 – 57600 – 1650/5 – 65850 – 1880/5 – 75250 – 2130/5 – 85900 – 2380/5 – 97800 – 2630/3 – 105690 (28) |
| 12 | ചീഫ് ജനറൽ മാനേജർ | 45110 – 1180/2 – 48650 – 1340/5 – 55350 – 1520/ 5 – 62950 – 1730/5 – 71600– 1970/5 – 81450 – 2240/5 – 92650 (27) | 64200 – 1650/1 – 65850 – 1880/5 – 75250 – 2130/5 – 85900 – 2380/5 – 97800 – 2630 / 4 – 108320 (20) |

01.04.2012– ൽ ജില്ലാ സഹകരണ ബാങ്ക് ജീവനക്കാർക്ക് 01.04.2012 തീയതിയിലെയോ ഓപ്ഷൻ തിയതിയിലെയോ അടിസ്ഥാന ശമ്പളത്തോടൊപ്പം 40 ശതമാനം ക്ഷാമബത്ത ലയിപ്പിച്ച് കിട്ടുന്ന തുകയിൽ 8 ശതമാനം വർദ്ധനവ് കൂടി വരുത്തിയ ശേഷം ലഭിക്കുന്ന തുകയോടൊപ്പം 3 വർഷത്തെ സേവനത്തിന് ഒരു ഇൻക്രിമെന്റും 8 വർഷത്തെ സേവനത്തിന് രണ്ട് ഇൻക്രിമെന്റും 15 വർഷത്തെ സേവനത്തിന് 3 ഇൻക്രിമെന്റും അപ്രകാരം പരമാവധി മൂന്ന് ഇൻക്രിമെന്റുകൾ പരിഷ്കരിച്ച ശമ്പള സ്കെയിലിലെ നിരക്കിൽ നൽകിയാണ് ശമ്പളം പരിഷ്കരിച്ചത്. സംസ്ഥാന സഹകരണ ബാങ്ക് ജീവനക്കാർക്ക് 01.04.2012 തീയതിയിലെയോ ഓപ്ഷൻ തീയതിയിലെയോ അടിസ്ഥാന ശമ്പളത്തോടൊപ്പം 40 ശതമാനം നിരക്കിലുള്ള ക്ഷാമബത്ത ലയിപ്പിച്ച് കിട്ടുന്ന തുകയിൽ 10 ശതമാനം കൂടി വർദ്ധനവ് വരുത്തി ലഭിക്കുന്ന തുക പുതിയ ശമ്പള സ്കെയിലിലെ ഒരു സ്റ്റേജാണെങ്കിൽ അതിലും അല്ലെങ്കിൽ അടുത്ത സ്റ്റേജിലും 5 വർഷം പൂർത്തിയായ സേവനത്തിന് ഒരു ഇൻക്രിമെന്റ്, 10 വർഷം പൂർത്തിയായ സേവനത്തിന് രണ്ട് ഇൻക്രിമെന്റ്, 15 വർഷം പൂർത്തിയായ സേവനത്തിന് മൂന്ന് ഇൻക്രിമെന്റ് എന്ന കണക്കിൽ പരമാവധി മൂന്ന് ഇൻക്രിമെന്റ് പുതിയ ശമ്പള സ്കെയിലിലെ നിരക്കിൽ സർവ്വീസ് വെയിറ്റേജ് അനുവദിച്ചുമാണ് ശമ്പളം പരിഷ്കരിച്ചത്. 01.01.2017 മുതൽ 109 ശതമാനം ക്ഷാമബത്തയാണ് ജീവനക്കാർക്ക് ലഭിക്കുന്നത്. കേരള ബാങ്കിന്റെ രൂപീകരണത്തോടൊപ്പം ശമ്പള ഏകീകരണം നടക്കുന്ന പശ്ചാത്തലത്തിൽ ജില്ലാ സഹകരണ ബാങ്കുകളിലെ ജീവനക്കാർക്കും സംസ്ഥാന സഹകരണ ബാങ്കിലെ

ജീവനക്കാർക്കും ഒരേ മാനദണ്ഡം നിശ്ചയിച്ച് ശമ്പളം പരിഷ്കരിക്കുന്നതായിരിക്കും ഉചിതം എന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു.

മുൻ ശമ്പള പരിഷ്കരണത്തിൽ പ്രാബല്യ തീയതിയോ ഓപ്ഷൻ തീയതിയോ തെരഞ്ഞെടുക്കാൻ ജീവനക്കാർക്ക് അവസരം നൽകിയിരുന്നു. ഇതിന്റെ ഫലമായി ചുരുക്കം ജീവനക്കാർക്ക് ചില മെച്ചം ലഭിക്കുന്ന സാഹചര്യമുണ്ട്. എന്നാൽ ഇത്തരത്തിൽ ഓപ്ഷന് അവസരം നൽകുന്നതുവഴി ശമ്പള പരിഷ്കരണ പ്രക്രിയ പൂർത്തിയാക്കുന്നതിൽ വലിയ കാലവിളംബം ഉണ്ടാകുന്നു. മാത്രമല്ല, പരിഷ്കരണം മൂലമുണ്ടാകുന്ന ബാദ്ധ്യത തിട്ടപ്പെടുത്തുന്നതും സുഗമമല്ല. സംസ്ഥാന സർക്കാർ ജീവനക്കാരുടെ 01.07.2014 ലെ ശമ്പള പരിഷ്കരണത്തിൽ ഓപ്ഷൻ സമ്പ്രദായം നിർത്തലാക്കിയാണ് ശമ്പളം പരിഷ്കരിച്ചത്. അതേ രീതി സഹകരണ ബാങ്ക് ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിലും നടപ്പാക്കി ഓപ്ഷൻ ഒഴിവാക്കി പ്രാബല്യതീയതിയിലേയ്ക്ക് നിജപ്പെടുത്തുന്നത് ഉചിതമായിരിക്കുമെന്ന് കമ്മീഷൻ കാണുന്നു. ആയതിനാൽ പരിഷ്കരണത്തിന്റെ പ്രാബല്യതീയതി തന്നെ മുഴുവൻ ജീവനക്കാരുടേയും ശമ്പള നിർണയ തീയതിയായി കമ്മീഷൻ ശുപാർശ ചെയ്യുന്നു.

മേൽ ഖണ്ഡികയുടെ അടിസ്ഥാനത്തിൽ 01.04.2017 ലെ അടിസ്ഥാന ശമ്പളത്തോടൊപ്പം 45% ശതമാനം ക്ഷാമബത്ത ലയിപ്പിച്ച് കിട്ടുന്ന തുകയോടൊപ്പം 8 ശതമാനം ഫിറ്റ്മെന്റ് ആനുകൂല്യവും പൂർത്തിയാക്കിയ ഓരോ വർഷത്തിനും ½ ശതമാനം എന്ന കണക്കിൽ പരമാവധി 15 ശതമാനം സർവ്വീസ് വെയിറ്റേജും കമ്മീഷൻ ശുപാർശ ചെയ്യുന്നു. ഇത്തരത്തിൽ കൂട്ടികിട്ടുന്ന തുക പരിഷ്കരിച്ച ശമ്പള സ്കെയിലിൽ ഒരു സ്റ്റേജാണെങ്കിൽ അതിലും അല്ലെങ്കിൽ അടുത്ത സ്റ്റേജിലും ശമ്പള നിർണ്ണയം നടത്താവുന്നതാണ്. ജീവനക്കാരൻ സർവ്വീസിൽ പ്രവേശിച്ച തീയതി സർവ്വീസ് വെയിറ്റേജിനായി കണക്കാക്കാവുന്നതാണ്. ജില്ലാ സഹകരണ ബാങ്കിലേയും സംസ്ഥാന സഹകരണ ബാങ്കിലേയും ജീവനക്കാർക്ക് സർവ്വീസ് വെയിറ്റേജായി ഇൻക്രിമെന്റ് നൽകുന്നത് ഒഴിവാക്കി ഏകീകരിക്കാൻ സാധിക്കുന്നതോടൊപ്പം ജീവനക്കാർക്ക് അവർ പൂർത്തിയാക്കിയ ഓരോ വർഷത്തിനും സർവ്വീസ് വെയിറ്റേജ് ലഭിക്കും എന്നതും ശതമാന കണക്കിൽ സർവ്വീസ് വെയിറ്റേജ് നൽകുന്നതിനാൽ ഗുണകരമാകും എന്നും കമ്മീഷൻ കാണുന്നു.

## പരിഷ്കരിച്ച സ്കെയിലിൽ ശമ്പളം നിർണ്ണയിക്കുന്ന വിധം

പരിഷ്കരിച്ച ശമ്പള സ്കെയിലിൽ ശമ്പളം നിർണ്ണയിക്കുന്നതിനായി താഴെപ്പറയുന്ന രീതി കമ്മീഷൻ ശുപാർശ ചെയ്യുന്നു.

1. പരിഷ്കരിച്ച ശമ്പള സ്കെയിലുകളുടെ പ്രാബല്യതീയതി 01.04.2017 ആയിരിക്കും
2. 01.04.2017 – ൽ സർവ്വീസിൽ തുടരുന്ന എല്ലാ സ്ഥിരം ജീവനക്കാരും 01.04.2017 മുതൽ പ്രാബല്യത്തിൽ വരുന്ന പരിഷ്കരിച്ച ശമ്പള സ്കെയിലിന്റെ പരിധിയിലായിരിക്കും.
3. 01.04.2017 ലെ നിലവിലെ ശമ്പള സ്കെയിൽ എന്നത് ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടേത് 31.03.2015 തീയതിയിലെ സ. ഉ. (കൈ) നം. 51/2015/സഹ., 09.06.2015 തീയതിയിലെ സ. ഉ. (കൈ) നം. 76/2015/സഹ. എന്നീ ഉത്തരവുകൾ പ്രകാരവും കേരള സംസ്ഥാന സഹകരണ ബാങ്ക് ജീവനക്കാരുടേത് 04.05.2015 തീയതിയിലെ സ. ഉ (കൈ) നം. 61/2015/സഹ. ഉത്തരവ് പ്രകാരവും ഉത്തരവായ ശമ്പള സ്കെയിലുകളായിരിക്കും.
4. നിലവിലെ ശമ്പളം എന്നത് 01.04.2017 ലെ അടിസ്ഥാന ശമ്പളം, 01.04.2017 ന് ലഭിക്കേണ്ട ഇൻക്രിമെന്റ് ഉണ്ടെങ്കിൽ ആയത് ഉൾപ്പെടെയുള്ളതാണ്. സ്റ്റാഗ്നേഷൻ ഇൻക്രിമെന്റുകളും ഇതിനായി കണക്കാക്കാവുന്നതാണ്.
5. ഉപ ഖണ്ഡിക മുകളിൽ (4) ന്റെ 45 ശതമാനം ക്ഷാമബത്ത.
6. ഉപ ഖണ്ഡിക മുകളിൽ (4) ന്റെ 8 ശതമാനം ഫിറ്റ്മെന്റ് ആനുകൂല്യമായും പൂർത്തിയാക്കിയ ഓരോ വർഷത്തിനും ½ ശതമാനം എന്ന കണക്കിൽ പരമാവധി 15 ശതമാനം തുക സർവ്വീസ് വെയിറ്റേജായും കണക്കാക്കേണ്ടതാണ്.
7. ഉപ ഖണ്ഡിക മുകളിൽ (4) + (5) + (6) പ്രകാരം കൂട്ടി കിട്ടിയ തുക പരിഷ്കരിച്ച ശമ്പള സ്കെയിലിലെ ഒരു സ്റ്റേജാണെങ്കിൽ അതിലും അല്ലെങ്കിൽ തൊട്ടടുത്ത ഉയർന്ന സ്റ്റേജിലും ശമ്പള നിർണ്ണയം നടത്തേണ്ടതാണ്.
8. ഇപ്രകാരം ലഭിക്കുന്ന തുക പുതിയ ശമ്പള സ്കെയിലിലെ പരമാവധി തുക അധികരിക്കുകയാണെങ്കിൽ പുതുക്കിയ ശമ്പള സ്കെയിലിന്റെ പരമാവധി തുകയിൽ ശമ്പളം നിർണ്ണയിക്കേണ്ടതും അധികമായി വരുന്ന തുക ' പേഴ്സണൽ പേ' ആയി നിലനിർത്തേണ്ടതും ആയത് തുടർന്ന് ലഭിക്കുന്ന ഇൻക്രിമെന്റിൽ ലയിപ്പിക്കുവാൻ പാടില്ലാത്തതുമാണ്. ഈ 'പേഴ്സണൽ പേ' എല്ലാ ആനുകൂല്യങ്ങൾക്കും – അതായത് – തുടർന്നുള്ള ശമ്പള നിർണ്ണയത്തിനും ലീവ് സാലറിക്കും, ക്ഷാമബത്തയ്ക്കും പെൻഷനും കണക്കാക്കാവുന്നതാണ്.
9. 01.04.2017 ന് ശേഷം ഏതു തീയതിയിലാണോ ഇൻക്രിമെന്റ് ലഭിക്കേണ്ടത് അതേ തീയതിയിൽ തന്നെ ഇൻക്രിമെന്റ് നല്കേണ്ടതാണ്. പരിഷ്കരണത്തിന്റെ പ്രാബല്യതീയതി മുതൽ ഒരു വർഷം ഇൻക്രിമെന്റിനായി കാക്കേണ്ടതില്ല.
10. 01.04.2017 നോ അതിനു ശേഷമോ സർവ്വീസിൽ പ്രവേശിക്കുന്നവർ പരിഷ്കരിച്ച ശമ്പള സ്കെയിലിൽ സർവ്വീസിൽ പ്രവേശിച്ചതായി കണക്കാക്കേണ്ടതാണ്.

**സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ്:**

സർക്കാർ ജീവനക്കാരുടേതു പോലെ അതാത് സ്കെയിലിന്റെ ഉയർന്ന പരമാവധി 3 ഇൻക്രിമെന്റുകൾ നൽകാവുന്നതാണ്.

**ഹയർ ഗ്രേഡ് സ്കെയിലുകൾ**

ജില്ലാ സഹകരണ ബാങ്കുകളിലെ 8, 16, 23, 28 വർഷങ്ങൾ സേവനം പൂർത്തിയാക്കുന്ന സബ് സ്റ്റാഫ് വിഭാഗത്തിനും പാർട്ട് ടൈം ജീവനക്കാർക്കും ഓരോ ഗ്രേഡും എന്ന നിലയിൽ 4 ഹയർ ഗ്രേഡുകളും മറ്റ് വിഭാഗത്തിന് 8 വർഷത്തെ സേവനത്തിന് ഒരു ഗ്രേഡും 16 വർഷത്തെ സേവനത്തിന് രണ്ടാമത്തെ ഗ്രേഡും എന്ന നിലയിൽ രണ്ട് ഹയർ ഗ്രേഡുകളും 01.04.2012 ലെ ശമ്പള പരിഷ്കരണത്തിൽ അനുവദിച്ചിരുന്നു. 01.04.2017 മുതൽ നടപ്പാക്കുന്ന പരിഷ്കരണത്തിലും ഇതേ നില തുടരാൻ കമ്മീഷൻ ശുപാർശ ചെയ്യുന്നു. നിലവിലെ ഗ്രേഡ് സ്കെയിലുകളും പരിഷ്കരിച്ച ഗ്രേഡ് സ്കെയിലുകളും താഴെ പട്ടികയിൽ വിവരിക്കുന്നു.

| ക്രമ നം. | തസ്തിക | നിലവിലുള്ള ശമ്പള സ്കെയിൽ | പരിഷ്കരിച്ച ശമ്പള സ്കെയിൽ |
|---|---|---|---|
| 1. | പാർട്ട ടൈം സ്വീപ്പർ I HG | 6940 – 220/5 – 8040 – 250/4 – 9040 – 290 /5 – 10490 – 330/4 – 11810 – 380/5 – 13710 – 440/5 – 15910 – 510/2 – 16930 (30) | 9700 – 300/1 – 10000 – 350/5 – 11750 – 400/5 – 13750 – 450/5 – 16000 – 500/5 – 18500 – 550/5 – 21250 – 620/4 – 23730 (30) |
| 2. | പാർട്ട ടൈം സ്വീപ്പർ II HG | 8790 – 250/1 – 9040 – 290/5 – 10490 –330/4 – 11810 – 380/5 – 13710 – 440/5 – 15910 – 510/5 – 18460 – 580/4 – 20780 – 670/1 – 21450 (30) | 12550 – 400/3 – 13750 – 450/5 – 16000 – 500/5 – 18500 – 550/5 – 21250 – 620/5 – 24350 – 710 /5 – 27900 – 810/2 – 29520 (30) |
| 3. | പാർട്ട ടൈം സ്വീപ്പർ III HG | 10820 – 330/3 – 11810 – 380/5 – 13710 – 440/5 – 15910 – 510/5 – 18460 – 580/4 – 20780 – 670/5 – 24130 – 770 /3 – 26440 (30) | 15100 – 450/2 – 16000 – 500/5 – 18500 – 550/5 – 21250 – 620/5 – 24350 – 710 /5 – 27900 – 810/6 – 32760 – 940 /2 – 34640 (30) |
| 4. | പാർട്ട ടൈം സ്വീപ്പർ IV HG | 12190 – 380/2 – 13710 – 440/5 – 15910 – 510/5 – 18460 – 580/4 – 20780 – 670/5 – 24130 – 770 /5– 27980 – 890/3 – 30650 (29) | 17000 – 500/3 – 18500 – 550/5 – 21250 – 620/5 – 24350 – 710 /5 – 27900 – 810/6 – 32760 – 940 /5 – 37460 – 1080 /1 – 38540 (30 ) |

| | | | |
|---|---|---|---|
| 5. | പ്യൂൺ/വാച്ച്മാൻ/ ലിഫ്റ്റ് ഓപ്പറേറ്റർ I HG | 12570 – 380/3 – 13710 – 440/5 – 15910 – 510/5 – 18460 – 580/4 – 20780 – 670/5 – 24130 – 770 /3 – 26440 (25) | 17500 – 500/2 18500 – 550/5 – 21250 – 620/5 – 24350 – 710 /5 – 27900 – 810/6 – 32760 – 940 /2 – 34640 (25) |
| 6. | പ്യൂൺ/വാച്ച്മാൻ/ ലിഫ്റ്റ് ഓപ്പറേറ്റർ II HG | 12950 – 380/2 – 13710 – 440/5 – 15910 – 510/5 – 18460 – 580/4 – 20780 – 670/5 – 24130 – 770 /4 – 27210 (25) | 18500 – 550/5 – 21250 – 620/5 – 24350 – 710 /5 – 27900 – 810/6 – 32760 – 940 /4 – 36520 (25) |
| 7. | പ്യൂൺ/വാച്ച്മാൻ/ ലിഫ്റ്റ് ഓപ്പറേറ്റർ III HG | 15030 – 440/2 – 15910 – 510/5 – 18460 – 580/4 – 20780 – 670/5 – 24130 – 770 /5– 27980 – 890/5 – 32430 – 1020/4 – 36510 (30) | 21250 – 620/5 – 24350 – 710 /5 – 27900 – 810/6 – 32760 – 940 /5 – 37460 – 1080/4 – 41780 (25) |
| 8. | പ്യൂൺ/വാച്ച്മാൻ/ ലിഫ്റ്റ് ഓപ്പറേറ്റർ IV HG | 17440 – 510/2 – 18460 – 580/4 – 20780 – 670/5 – 24130 – 770 /5– 27980 – 890/5 – 32430 – 1020/4 – 36510 – 1160/5 – 42310 (30) | 25060 – 710 /4 – 27900 – 810/6 – 32760 – 940 /5 – 37460 – 1080/6 – 43940 – 1250 / 4 – 48940 (25) |
| 9. | ഡ്രൈവർ/ റെക്കോർഡ് കീപ്പർ/ ബിൽ കളക്ടർ/ ഡഫേദാർ/ ഷ്റോഫ്/ കെയർ ടേക്കർ I HG | 12950 – 380/2 – 13710 – 440/5 – 15910 – 510/5 – 18460 – 580/4 – 20780 – 670/5 – 24130 – 770 /4 – 27210 (25) | 18500 – 550/5 – 21250 – 620/5 – 24350 – 710 /5 – 27900 – 810/6 – 32760 – 940 /4 – 36520 (25) |
| 10. | ഡ്രൈവർ/ റെക്കോർഡ് കീപ്പർ/ ബിൽ കളക്ടർ/ ഡഫേദാർ/ ഷ്റോഫ്/ കെയർ ടേക്കർ II HG | 15030 – 440/2 – 15910 – 510/5 – 18460 – 580/4 – 20780 – 670/5 – 24130 – 770 /5– 27980 – 890/5 – 32430 – 1020/4 – 36510 (30) | 21250 – 620/5 – 24350 – 710 /5 – 27900 – 810/6 – 32760 – 940 /5 – 37460 – 1080/4 – 41780 (25) |
| 11. | ഡ്രൈവർ/ റെക്കോർഡ് കീപ്പർ/ ബിൽ കളക്ടർ/ ഡഫേദാർ/ ഷ്റോഫ്/ കെയർ ടേക്കർ III HG | 17440 – 510/2 – 18460 – 580/4 – 20780 – 670/5 – 24130 – 770 /5– 27980 – 890/5 – 32430 – 1020/4 – 36510 – 1160/5 – 42310 (30) | 25060 – 710 /4 – 27900 – 810/6 – 32760 – 940 /5 – 37460 – 1080/6 – 43940 – 1250 / 4 – 48940 (25) |

| | | | |
|---|---|---|---|
| 12. | ഡ്രൈവർ/ റെക്കോർഡ് കീപ്പർ/ ബിൽ കളക്ടർ/ ഡഫേദാർ/ ഷ്റോഫ്/ കെയർ ടേക്കർ IV HG | 17950 – 510/1 – 18460 – 580/4 – 20780 – 670/5 – 24130 – 770 /5– 27980 – 890/5 – 32430 – 1020/4 – 36510 – 1160/5 – 42310 – 1320/1 – 43630 (30) | 25770 – 710 /3 – 27900 – 810/6 – 32760 – 940 /5 – 37460 – 1080/6 – 43940 – 1250 / 5 – 50190 (25) |
| 13. | സ്റ്റെനോ ടൈപ്പിസ്റ്റ് / ടെലഫോൺ – ടെലക്സ് ഓപ്പറേറ്റർ/ ഡേറ്റാ എൻട്രി ഓപ്പറേറ്റർ – I HG | 15910 – 510/5 – 18460 – 580/4 – 20780 – 670/5 – 24130 – 770 /5– 27980 – 890/5 – 32430 – 1020/4 – 36510 – 1160/2 – 38830 (30) | 22490 – 620/3 – 24350 – 710 /5 – 27900 – 810/6 – 32760 – 940 /5 – 37460 – 1080/6 – 43940 (25) |
| 14. | സ്റ്റെനോ ടൈപ്പിസ്റ്റ് / ടെലഫോൺ – ടെലക്സ് ഓപ്പറേറ്റർ/ ഡേറ്റാ എൻട്രി ഓപ്പറേറ്റർ – II HG | 17950 – 510/1 – 18460 – 580/4 – 20780 – 670/5 – 24130 – 770 /5– 27980 – 890/5 – 32430 – 1020/4 – 36510 – 1160/5 – 42310 – 1320/1 – 43630 (30) | 25770 – 710 /3 – 27900 – 810/6 – 32760 – 940 /5 – 37460 – 1080/6 – 43940 – 1250 / 5 – 50190 (25) |

